# ബഥേൽ പത്രിക

സെപ്റ്റംബർ 2018 ചെങ്ങന്നൂർ ഭദ്രാസന മുഖപത്രം
വാല്യം.31 • ലക്കം: 9



## കരുതലും കരുത്തും പകർന്ന്







പാവനസ്മരണയ്ക്ക്

**ശോശാമ്മ യോഹന്നാൻ**


**ഉഴത്തിൽ, ചെങ്ങന്നൂർ**

inserted by: **കുടുംബാംഗങ്ങൾ**

പൗരോഹിത്യ ശുശ്രൂഷയിലെ 25 വർഷങ്ങൾ മാർഗ്ഗദീപമായിരുന്ന

**അഭിവന്ദ്യ തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്ത**

തിരുമനസ്സിലെ മദ്ധ്യസ്ഥതയിൽ തുടർന്നും ശരണപ്പെട്ട്



**FR. DR. NINAN V. GEROGE**
**& FAMILY**

Registered with registrar of newspapers
of India under R.N.044684/87
Date of publication : 15/09/2018

**BETHEL PATHRIKA**
₹ 12.50/-

Postal Reg. No. KL/TLA/71/2018-20
Licence No. for Posting without Pre-Payment
KL/TLA/WPP/154/2018-20



## വെളിച്ചമേ...നയിച്ചാലും...



## മറിയാമ്മ ചാക്കോയും കുടുംബവും

താഴുമ്പാൽ, ഓതറ


Printed, Published and owned by H.G.Thomas Mar Athanasios Metropolitan, Bethel Aramana P.B.No. 38, Chengannur - 689 121, Kerala
Printed at Lipi Offset Printers, Y M C A Building, Chengannur
Published from Bethel Aramana P.B.No. 38 Chengannur - 689 121, Kerala, Ph: 0479 2451331, Editor: Fr. Ipe P. Sam

എഡിറ്റോറിയൽ

# ആ സൂര്യൻ നിബിഢാന്ധകാരത്തിൽ മറഞ്ഞു


പ്രളയം ചില പ്രഹരങ്ങൾ ഏല്പിക്കാറുണ്ട്. 1924-ലെ പ്രളയ വർഷത്തിൽ ശ്രീമൂലം തിരുനാൾ മഹാരാജാവ് നാടുനീങ്ങി എന്ന് ചരിത്രം സാക്ഷിക്കുന്നു. ഈ നൂറ്റാണ്ടിലെ പ്രളയം പ്രഹരമേല്പിച്ചത് മലങ്കര സഭയ്ക്കായിരുന്നു. സഭയിലെ സീനിയർ മെത്രാപ്പോലീത്ത നമ്മുടെ ഇടയൻ ഈ അക്ഷരക്കൂട്ടിന്റെ സാരഥി അഭി. തോമസ് മാർ അത്താനാസിയോസ് തിരുമേനിയുടെ അപ്രതീക്ഷിതമായ വിയോഗം രാജ്യത്തിനും പൊതുസമൂഹത്തിനം പ്രത്യേകാൽ മലങ്കര സഭയ്ക്കും ഏറ്റ കനത്ത പ്രഹരമാണ്.

ആർക്കൊക്കെയോ വേണ്ടി കത്തിയെരിയുന്ന സുസ്മേര മൂർത്തിയാം സൂര്യൻ അതിന്റെ കിരണങ്ങളെ മറച്ചുവച്ചു പോയ രണ്ടു വാരങ്ങൾ. മനസ്സിൽ നിന്നും മായാത്ത ആ വെള്ളിയാഴ്ച ഒരു ദുഃഖവെള്ളിയാഴ്ചയായി. പരദേശപ്രയാണം പൂർത്തിയാക്കി നമ്മുടെ ഇടയൻ സ്വർഗ്ഗീയ രാജധാനിയിൽ മഹാരാജാവിന്റെ പക്കലേക്ക് അതൊരു മടക്കയാത്രയായിരുന്നു. കർമ്മഭൂമിയിൽ നിന്ന് സ്വപ്നഭൂമിയിലേക്ക്. യിസ്രായേലിന്റെ തേരാളിയെ അഗ്നി അശ്വരഥങ്ങളിൽ സ്വർഗ്ഗത്തിലേക്ക് സ്വീകരിച്ച ദൈവത്തിന്റെ പദ്ധതി നമുക്ക് വൈരുദ്ധ്യമായി തോന്നാം. യാത്രകളോരോന്നും ഹരമായി കരുതിയ തിരുമേനിയുടെ യാത്ര ഇവിടെ അവസാനിക്കുകയല്ല ചക്രവാളസീമകൾക്കപ്പുറത്തെ നിത്യയാത്രയുടെ തുടക്കമായി എന്നാശ്വസിക്കാം.

അഭി. അത്താനാസിയോസ് തിരുമേനിയുടെ വേർപാട് സൃഷ്ടിച്ച ശൂന്യത നമുക്കൊരു വെല്ലുവിളിയാണ്. ഗാന്ധിജി മരിച്ചപ്പോൾ ജവഹർലാൽ നെഹ്റു പാർലമെന്റിൽ പറഞ്ഞ വാക്കുകൾ ഇവിടെയും പ്രസക്തമാണ്.

> The glory has departed
> The sun that shine has gone
> The sun that warmth lightened our life has set
> And we shiver in the cold and dark.

ആ സൂര്യൻ നിബിഢാന്ധകാരത്തിൽ മറഞ്ഞുപോയി അദ്ദേഹം ശേഷിപ്പിച്ച കിരണങ്ങൾ, ജീവിത സാഹചര്യങ്ങളിൽ ഉയർത്തിപ്പിടിച്ച മൂല്യങ്ങൾ, സഭാസമാധാ



നത്തെക്കുറിച്ച് മനസ്സിൽ താലോലിച്ച സ്വപ്നങ്ങൾ, മായം കലരാത്ത ഭക്തിജീവിതം, ഓർത്തഡോക്സി പ്രാവർത്തികമാക്കുവാൻ ഏറ്റെടുത്ത സഹനങ്ങൾ, ദൗത്യനിർവ്വഹണത്തിനായി സ്വീകരിച്ച കൃത്യമായ ചുവടുവയ്പുകൾ, വിദ്യാഭ്യാസരംഗത്തെ നൂതനമായ കാഴ്ചപ്പാടുകൾ, സൗഹൃദത്തിന്റെയും സഹകരണത്തിന്റെയും സമർപ്പണത്തിന്റെയും സുവ്യക്തമായ നിലപാടുകൾ, അക്ഷരങ്ങളോട് പുലർത്തിയ അമിത താല്പര്യം, കാലിക സ്പന്ദനങ്ങളെപ്പറ്റി തൂലികയിലൂടെ ക്രമമായി നടത്തിയ അപഗ്രഥനം, ആർഷഭാരത സംസ്കൃതിയെ അഭിമാനത്തോടെ എടുത്തുകാട്ടിയ മഹിതാചാര്യൻ, ഇതെല്ലാം കേവലം വിശേഷണങ്ങളോ ഭംഗിവാക്കുകളോ അല്ല അജഗണങ്ങൾക്കു മുമ്പിൽ അവശേഷിപ്പിച്ച ഗൗരവമായ വെല്ലുവിളികളാണ്. ഇവ ഏറ്റെടുക്കുവാൻ നാം പ്രതിജ്ഞാബദ്ധരാണ്.

സുവിശേഷം പ്രസംഗിക്കുവാനല്ല; പ്രാവർത്തികമാക്കുവാനുള്ളതാണെന്ന് ഉറച്ചു വിശ്വസിച്ച തിരുമേനി എഴുത്തിലും, വായനയിലും, ചിന്തയിലും, സംസാരത്തിലും, നോട്ടത്തിലും, നടപ്പിലും കാത്തുസൂക്ഷിച്ച രാജകീയ ഭാവവും, നിലപാടുകളിൽ പുലർത്തിയ ഗരിമയും, സമീപനങ്ങളിൽ ചൊരിഞ്ഞ ശുഭാപ്തി ദർശനവും, ക്രയവിക്രയങ്ങളിൽ പാലിച്ച സുതാര്യതയും, ആരാധനകളിൽ സൂക്ഷിച്ച ആത്മാർത്ഥതയും സഭയുടെ വരുംനാളുകളിൽ അന്യമാകാതിരിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു.

**ഫാ. ഐപ്പ് പി. സാം**

# അന്ത്യകല്പന

പരിശുദ്ധ ബാവാ തിരുമേനി, സഹോദര മേൽപ്പട്ടക്കാരെ, വൈദിക ശ്രേഷ്ഠരേ, വിശ്വാസി സമൂഹമേ,

ദൈവം ദാനമായി നൽകിയ ജീവിതത്തിന്റെ ഓരോ നിമിഷവും ഫലപ്രദമായി വിനിയോഗിച്ചു എന്നാണ് നമ്മുടെ ഉത്തമബോധ്യം. നമ്മെ ഭരമേല്പ്പിച്ച ഉത്തരവാദിത്വങ്ങൾ വിശ്വസ്തമായി നിറവേറ്റി എന്ന ബോധ്യത്തോടെ, ആയുസ്സിന്റെ ഉടയവൻ എപ്പോൾ തിരികെ വിളിച്ചാലും പോകുവാൻ ഒരുങ്ങിയ മനസ്സോടെ, വിട പറയൽ സന്ദേശം നേരത്തെ തന്നെ തയ്യാറാക്കി എന്റെ വിൽപത്രത്തോടൊപ്പം വയ്ക്കുന്നു.

1966 മുതൽ ദൈവനിയോഗം പോലെ യു.ജി.സിയുടെ ഒരു സ്കോളർഷിപ്പ് ലഭിച്ചതു കാരണം ബറോഡായിലെത്തി. അന്ന് ഗുജറാത്ത് സംസ്ഥാനത്താകെ നമുക്ക് 4 ഇടവകകൾ മാത്രമാണുണ്ടായിരുന്നത്. 1970–ൽ വൈദീകനായതിനു ശേഷം ഗുജറാത്ത് സംസ്ഥാനത്തെ മേഹ്സാന പട്ടണങ്ങളിലും, രാജസ്ഥാനിലും, മഹാരാഷ്ട്രയിലെ ഒന്നു രണ്ടു സ്ഥലത്തും മലങ്കര സഭയുടെ ഇടവകകൾ സ്ഥാപിക്കുന്നതിന് ദൈവം എന്നെ ഉപയോഗിച്ചു. ഇപ്പോൾ ഈ ഇടവകകളെ ഉൾക്കൊളളിച്ച് ഒരു മെത്രാസനം തന്നെ നിലവിൽ വന്നു എന്നതിൽ നാം അഭിമാനിക്കുന്നു. ഫാ. കെ.റ്റി. തോമസ് ആയിരുന്ന നമ്മെ മേൽപ്പട്ടസ്ഥാനത്തേക്ക് മലങ്കര അസോസ്സിയേഷൻ തെരഞ്ഞെടുത്തപ്പോൾ അത് ദൈവീക തെരഞ്ഞെടുപ്പായി നാം കണ്ടു. അവസരങ്ങൾക്കായി ഓടിനടക്കുന്ന പാരമ്പര്യം പൗരസ്ത്യ സഭാ പിതാക്കന്മാർ പഠിച്ചിട്ടില്ല. ദൈവഹിതമെങ്കിൽ എല്ലാ അവസരവും നമ്മെ തേടിവരും. കാലാകാലങ്ങളിൽ സർവ്വശക്തനായ ദൈവം കാലത്തിന് അനുയോജ്യരായ പിതാക്കന്മാരെ തെരഞ്ഞെടുത്ത് സഭയുടെ വളർച്ചയെ ത്വരിതപ്പെടുത്തും എന്ന യാഥാർത്ഥ്യം നാം വിസ്മരിക്കരുത്. നമ്മുടെ പിതൃസഹോദരനായ പുത്തൻകാവിൽ കൊച്ചുതിരുമേനി തുടങ്ങി വച്ച ബേസിൽ സമൂഹത്തിന്റെ പുനരുദ്ധീകരണം ഞാൻ ഏറെ ആഗ്രഹിച്ചിരുന്നു. ആയതുകൊണ്ടാണ് ഗുജറാത്തിലെ ബറോഡയിൽ ഒരു സ്കൂൾ നടത്താനുള്ള അവസരം കിട്ടിയപ്പോൾ ആയത് നടത്തി കൊണ്ടുപോകുവാൻ 'The Trust of the Society of St. Basil' എന്ന പേര് നല്കി ഒരു ട്രസ്റ്റ് തുടങ്ങിയത്. ഇന്ത്യയുടെ വടക്കുപടിഞ്ഞാറൻ മേഖലയിൽ സഭയുടെ വളർച്ചയായിരുന്നു എന്റെ പ്രധാന ലക്ഷ്യം.

Education is for enlightment എന്ന് നാം വിശ്വസിക്കുന്നു. നമ്മെക്കാൾ കൂടുതൽ നമ്മുടെ വൈദീകർ പഠിക്കണം. പഠിച്ചു വളരണം എന്ന് നാം ആഗ്രഹിച്ചു. അതിനവരെ നാം പ്രോത്സാഹിപ്പിച്ചു. അങ്ങനെ പലരും ഉന്നത വൈദീക വിദ്യാഭ്യാസം നേടി സഭയുടെ വിവിധ മേഖലകളിൽ പ്രവർത്തിക്കുന്നു എന്നതിൽ നാം അതിയായി സന്തോഷിക്കുന്നു. ആയതുപോലെ തന്നെ ഭദ്രാസനത്തിലെ പഠിക്കാൻ കഴിവുള്ളവരും സാമ്പത്തികമായി പിന്നിൽ നില്ക്കുന്നവരുമായ വിദ്യാർത്ഥികൾക്ക് സാമ്പത്തിക സഹായം നല്കുന്ന ഒരു Loan Scholarship പദ്ധതിയിലൂടെ ഇപ്പോൾ തന്നെ ധാരാളം വിദ്യാർത്ഥികൾ ഉന്നത പഠനത്തിന് അർഹരായി കഴിഞ്ഞു.



തോമസ് മാർ അത്താനാസിയോസ്
മെത്രാപ്പോലീത്ത

> അതുകൊണ്ട് നിർജ്ജീവപ്രവർത്തികളെക്കുറിച്ചുള്ള മാനസാന്തരം, ദൈവത്തിങ്കലെ വിശ്വാസം, സ്നാനങ്ങളെക്കുറിച്ചുള്ള ഉപദേശം, കൈവെയ്പ്, മരിച്ചവരുടെ പുനരുത്ഥാനം, നിത്യശിക്ഷാവിധി എന്നിങ്ങനെയുള്ള അടിസ്ഥാനം പിന്നെയും ഇടാതെ നാം ക്രിസ്തുവിനെക്കുറിച്ചുള്ള ആദ്യവചനം വിട്ടു പരിജ്ഞാനപൂർത്തി പ്രാപിപ്പാൻ ശ്രമിക്കുക

വാത്സല്യ മക്കളേ,

നാം തുടങ്ങിവച്ച ദശാംശ പദ്ധതിയിലൂടെയും ലോൺ സ്കോളർഷിപ്പിലൂടെയും സമൂഹത്തിലും സഭയിലും അശരണരും ആശ്രയഹീനരും സാമ്പത്തിക ഞെരുക്കമുള്ള രോഗികളെ സഹായിക്കാനും, പഠനത്തിൽ ഉത്സുകരായ വിദ്യാർത്ഥികൾക്ക് പഠിക്കാനുള്ള അവസരവും ലഭിക്കുന്നതിനും ഇടയായി എന്നത് സന്തോഷകരമാണ്. ആയതിനാൽ ഈ പദ്ധതികൾക്ക് ഒരു മുടക്കവും വരാതെ മുമ്പോട്ട് കൊണ്ടുപോകുവാൻ ചുമതലപ്പെട്ടവരും വിശ്വാസസമൂഹവും ശ്രദ്ധിക്കണം.

ആരോഗ്യദായകമായ പ്രകൃതി, അതിജീവനത്തിന് ആവശ്യമാണെന്ന കാഴ്ചപ്പാട് നമുക്ക് ഉണ്ടാകണം. ദൈവം നമ്മെ ഈ ലോകത്തിൽ ആക്കിയിരിക്കുന്നത് ഭൂമിയുടെ അധിപന്മാരായിട്ടല്ല, മറിച്ച് ഭൂമിയുടെ കാവൽക്കാരായിട്ടാണ്. നമ്മുടെ ജീവിത ശൈലികൾ ദൈവം സൃഷ്ടി കർമ്മത്തിൽ നിലനിർത്തിയിരുന്ന സന്തുലിതാവസ്ഥ സംരക്ഷിക്കുന്നതാകുമ്പോൾ മാത്രമേ "തോട്ടം കാപ്പാനും വേല ചെയ്യുവാനും" ദൈവം മനുഷ്യനെ ഭരമേല്പിച്ച ഉത്തരവാദിത്വം നിറവേറ്റപ്പെടുകയുള്ളൂ.

വാത്സല്യമുള്ളവരെ നിങ്ങൾ ഏവരും വിശ്വാസം സ്തുതി ചൊവ്വാക്കപ്പെട്ട സത്യവിശ്വാസം പഠിക്കണം, മനസ്സിലാക്കണം, തലമുറകൾക്ക് പകർന്നു കൊടുക്കണം. നമ്മുടെ ഭവനങ്ങളുടെയും, ഇടവകകളുടെയും ശിഥിലീകരണത്തിന് ഇടയാക്കുന്ന ചൂഷണങ്ങളെ ചെറുക്കുവാൻ തയ്യാറാകണം. എബ്രായർക്കെഴുതിയ ലേഖനം 6–ാം അദ്ധ്യായം 1 മുതലുള്ള വാക്യങ്ങളിൽ പ. പൗലോസ് ശ്ലീഹാ ഓർമ്മിപ്പിക്കുന്നു. "അതുകൊണ്ട് നിർജ്ജീവപ്രവർത്തികളെക്കുറിച്ചുള്ള മാനസാന്തരം, ദൈവത്തിങ്കലെ വിശ്വാസം, സ്നാനങ്ങളെക്കുറിച്ചുള്ള ഉപദേശം, കൈവെയ്പ്, മരിച്ചവരുടെ പുനരുത്ഥാനം, നിത്യശിക്ഷാവിധി എന്നിങ്ങനെയുള്ള അടിസ്ഥാനം പിന്നെയും ഇടാതെ നാം ക്രിസ്തുവിനെക്കുറിച്ചുള്ള ആദ്യവചനം വിട്ടു പരിജ്ഞാനപൂർത്തി പ്രാപിപ്പാൻ ശ്രമിക്കുക". അവസാന ശ്വാസം വരെയും സത്യവിശ്വാസത്തിൽ നിലനില്ക്കുവാനും മലങ്കര സഭാ മക്കൾക്ക് കഴിയണം. നമ്മുടെ സഭയ്ക്ക് പൈതൃകമായി ലഭിച്ച പാരമ്പര്യങ്ങളെയും വിശ്വാസങ്ങളെയും കാത്തു സൂക്ഷിക്കുന്നതിനും പരിപാലിക്കുന്നതിനും, യാതൊരു വിട്ടുവീഴ്ചയും അലംഭാവവും ഉണ്ടാകരുത്. ആരാധന കാട്ടിക്കൂട്ടലായി മാററുത്, ആർഷഭാരതപൈതൃകങ്ങളിൽ നാം അഭിമാനം കൊള്ളണം. ദേശീയ സഭയുടെ മക്കൾ എന്ന നിലയിൽ ഈ സനാതന സംസ്കാരം സംരക്ഷിക്കുന്നതിന് നമുക്ക് സാധിക്കണം, നാം ശ്രദ്ധിക്കണം. വിശ്വാസ വിപരീതങ്ങൾക്കോ വിദേശികാധിപത്യങ്ങൾക്കോ ഈ സഭയെ ഇല്ലാതാക്കുവാൻ 20 നൂറ്റാണ്ടു കഴിഞ്ഞിട്ടും സാധിച്ചിട്ടില്ല. "എന്റെ ദൈവം എന്റെ സഭ" എന്ന് പുത്തൻകാവിൽ കൊച്ചു തിരുമേനി ഉരുവിട്ടിരുന്ന ആപ്തവാക്യം വീണ്ടും ഓർമ്മിപ്പിക്കുന്നു. സഭയെ കണ്ണിന്റെ കൃഷ്ണമണിപോലെ കാത്തുസൂക്ഷിക്കണം.

സഹോദര (പിതാക്കന്മാരേ) കാലത്തിന് മുമ്പേ സഞ്ചരിക്കുന്ന ഉൾക്കാഴ്ചയുമായി സഭയെ നയിക്കാൻ നിങ്ങൾക്ക് ഇടയാകട്ടെ. പട്ടക്കാരെ സഭയുടെ കൗദാശികാനുഭവങ്ങളുടെ നൽവരങ്ങൾ നിറപടിയായി നിവർത്തിക്കാൻ നിങ്ങൾക്ക് സാധിക്കട്ടെ. സന്യാസി സമൂഹമെ നിങ്ങളുടെ വിശുദ്ധജീവിതവും, നമസ്കാരങ്ങളും പരിമളധൂപമായി ഉയരട്ടെ. മാതാപിതാക്കളെ നിങ്ങളുടെ പ്രാർത്ഥന സഭയുടെ കുടുംബങ്ങളെ ശക്തിപ്പെടുത്തുമാറാകട്ടെ. യുവതീയുവാക്കളെ നിങ്ങളാണ് സഭയുടെ ധീരരായ കാവൽഭടന്മാർ. നാളെകളിൽ ഉത്തമരായി സഭയെ നയിക്കാൻ ബൗദ്ധികമായും ആത്മീകമായും ഉള്ള നിങ്ങളുടെ വളർച്ച മുഖാന്തരമായിരിക്കട്ടെ. കുഞ്ഞുങ്ങളെ നിങ്ങളുടെ നൈർമ്മല്യവും നിഷ്കളങ്കതയും സഭയുടെ തിരുമുറ്റത്ത് വിളങ്ങട്ടെ.

കാതോലിക്കേറ്റിന്റെ പവിത്രതയും പ്രൗഢിയും കാത്തുസൂക്ഷിക്കുവാൻ പ. കാതോലിക്കാ ബാവായുടെ കരങ്ങൾക്ക് ശക്തി പകരാൻ ദൈവം നിങ്ങളേവരേയും മുഖാന്തരങ്ങളാക്കി തീർക്കുമാറാകട്ടെ എന്ന് ആശംസിക്കുന്നു. പ്രാർത്ഥിക്കുന്നു.

ദൈവം നമുക്ക് കല്പിച്ചു നല്കിയ കാലം തികഞ്ഞു എന്ന് നമ്മുടെ മനസാക്ഷി നമ്മോട് മന്ത്രിക്കുന്നു. നിങ്ങൾക്കുവേണ്ടി നാം പ്രാർത്ഥിക്കുന്നു. നിങ്ങളും നമുക്കു വേണ്ടി പ്രാർത്ഥിക്കണമെ, ദൈവം നിങ്ങളേവരേയും അനുഗ്രഹിക്കട്ടെ.

# നഷ്ടമായത് എന്റെ ജ്യേഷ്ഠ സഹോദരനെ

**പരി. ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവ**

മലങ്കര സഭ മുഴുവൻ ദുഃഖിക്കുകയും വേദനിക്കുകയും ചെയ്യുന്ന സമയം. ചെങ്ങന്നൂർ ഭദ്രാസനത്തിന്റെ അധ്യക്ഷനായ അഭിവന്ദ്യ തോമസ് മാർ അത്താനാസിയോസ് തിരുമേനി നമ്മിൽ നിന്ന് ദൈവസന്നിധിയിലേക്ക് ചേർക്കപ്പെട്ടിരിക്കുന്നു. ആകസ്മിക വേർപാട് മനസ്സുകൊണ്ട് അംഗീകരിക്കുവാൻ ഏറെ കാലതാമസം ഉണ്ടാകും. ബഹുമാനപ്പെട്ട കെ.റ്റി. തോമസ് അച്ചനെ ഞാൻ പരിചയപ്പെടുന്നത് 1982 ഡിസംബർ 28 തിരുവല്ല എം.ജി.എം. സ്കൂൾ ഗ്രൗണ്ടിൽ നടന്ന അസോസിയേഷൻ സമ്മേളനത്തിലാണ്. ഒരു വർഷത്തിന് ശേഷം ഞങ്ങൾ അഞ്ച് പേരെ റമ്പാൻ സ്ഥാനത്തേക്ക് പരി. വട്ടക്കുന്നേൽ ബാവ ഉയർത്തി. അഞ്ച് പേരിൽ അഭി. അത്താനാസിയോസ് തിരുമേനി എനിക്ക് ജ്യേഷ്ഠ സഹോദരനായിരുന്നു. ആത്മബന്ധം വ്യക്തിപരമായി ഞങ്ങൾ പുലർത്തിയിരുന്നു. അടുത്തകാലത്ത് ബറോഡയിലോ ഉത്തരഭാരതത്തിലോ പോയി വരുമ്പോൾ ഏതാനും കൃഷിഫലങ്ങൾ ദേവലോകത്ത് കൊണ്ടുവന്ന് തരുമായിരുന്നു. അങ്ങനെ സ്നേഹിച്ച ഇടയനായിരുന്നു തിരുമേനി.

1982 ഡിസംബറിൽ തെരഞ്ഞെടുക്കപ്പെട്ട് തുടർന്ന് റമ്പാനായി 1985 മേയ് 15 വരെ റമ്പാന്മാരായി കഴിഞ്ഞു. ആ സമയത്ത് അന്നത്തെ ബാവ പറഞ്ഞു അഞ്ച് റമ്പാന്മാരും പരുമല സെമിനാരിയിൽ പോയി താമസിക്കണം. അവിടെ യൂഹാനോൻ മാർ സേവേറിയോസ് തിരുമേനിയുണ്ട്. മേൽപട്ട ശുശ്രൂഷയുടെ എല്ലാ പരിശീലനവും ലഭിക്കും എന്ന് കല്പിച്ച് അയച്ചു. 1985 വരെ ഞങ്ങൾ ഒരുമിച്ച് താമസിച്ചു. ആ കാലത്ത് അഭി. അത്താനാസിയോസ് തിരുമേനിയെ കൂടുതൽ അറിയുവാൻ ഇടയായി. ഞങ്ങൾ മൂന്ന് റമ്പാന്മാരെ അദ്ദേഹം ബറോഡയിലേക്ക് കൊണ്ടുപോയി. അഭി. എപ്പിഫാനിയോസ് തിരുമേനി, അഭി. യൗസേബിയോസ് തിരുമേനി, ഞാനും ഉൾപ്പെടെ ഒരു മാസത്തോളം ബറോഡയിൽ കെ.റ്റി. തോമസ് റമ്പാച്ചനൊപ്പം താമസിച്ച് അദ്ദേഹത്തിന്റെ പ്രവർത്തന മേഖലകൾ യാത്ര ചെയ്ത് കാണുവാനിടയായി. വിദ്യാഭ്യാസ മേഖലയിലെ ദീർഘവീക്ഷണവും താല്പര്യവും അതിനുവേണ്ടി നിർവ്വഹിക്കുന്ന അത്യദ്ധ്വാനവും നേരിട്ട് മനസ്സിലാക്കാൻ സാധിച്ചു. ചെങ്ങന്നൂർ ഭദ്രാസനം പ്രഖ്യാപിക്കപ്പെട്ടപ്പോൾ അഭിവന്ദ്യ തോമസ് മാർ അത്താനാസിയോസ് തിരുമേനിയെതന്നെ വേണമെന്ന് ചെങ്ങന്നൂരിലെ പ്രഗത്ഭരായ വൈദീകർ പരി. വട്ടക്കുന്നേൽ ബാവായോട് ആവശ്യപ്പെട്ടു. കാരണം പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെ പിതൃ സഹോദരപുത്രനാണ് അദ്ദേഹം. അനുഗ്രഹീത പാരമ്പര്യത്തിന്റെ അവകാശവും തിരുമേനിക്കുണ്ട്. പുത്തൻകാവിൽ കൊച്ചുതിരുമേനി എന്നെ സംബന്ധിച്ചിടത്തോളം ഒരു വികാരമാണ്. കാരണം അദ്ദേഹം കാലം ചെയ്യുന്നത് കുന്നംകുളത്തു വച്ചാണ്. എല്ലാ വർഷവും കുന്നംകുളത്ത് വന്ന് ഒരാഴ്ച താമസിച്ച് സഭയുടെ വിശ്വാസവും കാതോലിക്കേറ്റ് ബന്ധവും ആഴത്തിൽ പഠിപ്പിക്കുമായിരുന്നു.



ആ കുടുംബവഴിയിൽ ഇളംതലമുറക്കാരനായി മാർ അത്താനാസിയോസ് തിരുമേനി ഇരുന്നത് സന്തോഷപൂർവ്വം മലങ്കര സഭ സ്വീകരിച്ചു. അഭി. അത്താനാസിയോസ് തിരുമേനിയുടെ ഭരണപരമായ ചിട്ടകൾ വളരെ കൃത്യതയോടെ ഞങ്ങൾക്ക് കണ്ടുപഠിക്കുവാൻ സാധിച്ചു. മലങ്കര സഭയുടെ മെത്രാപ്പോലീത്ത ഭരണാധിപൻ എന്ന നിലയിലുള്ള ഓരോ നടപടികളും വളരെ കൃത്യമായി ഉപയോഗിക്കുവാനുള്ള ചിന്തയും അറിവും ഉണ്ടാകണം. അത്തരത്തിൽ തിരുമേനിയുടെ ഭരണ നൈപുണ്യം ശ്രദ്ധേയമാണ്. സഭയുടെ ഭരണക്രമത്തെക്കുറിച്ചുള്ള ദർശനം സഹോദര മേല്പട്ടക്കാർക്ക് പകർന്നു നല്കിയ ഇടയനായിരുന്നു അഭി. തിരുമേനി.

തിരുമേനിയുടെ വേർപാട് മലങ്കര സഭയ്ക്ക് തീരാ നഷ്ടമാണ്. തിരുമേനിയെ സ്വർഗ്ഗീയ സന്നിധിയിലേക്ക് യാത്രാമൊഴി നല്കുമ്പോൾ എനിക്ക് മാത്രമല്ല തിരുമേനിയെ അടുത്ത് സ്നേഹിക്കുന്ന, തിരുമേനി അറിയുന്ന ഏവരുടെയും ഹൃദയവേദന വളരെ വലുതാണ്. തിരുമേനി മൗനിയായി നമ്മോട് പറയുന്നത് മരണം ഒരു നിഴൽ പോലെ നമ്മോട് ഒപ്പമുണ്ട് എന്നാണ്. അന്ത്യകല്പനയും വിൽപത്രവും ഒക്കെ തയ്യാറാക്കി വച്ചിരുന്നു. വളരെ ഒരുക്കത്തോടെയാണ് ദൈവസന്നിധിയിലേക്ക് യാത്രയാകുന്നത്. സഭയ്ക്ക് ഉണ്ടായ വലിയ നഷ്ടം നികത്തപ്പെടുക എളുപ്പമല്ല. വ്യക്തിപരമായി എന്റെ ജ്യേഷ്ഠ സഹോദരനെയാണ് നഷ്ടമായത്. ദുഃഖം വളരെയാണ്. എന്നാൽ സകല ബുദ്ധിയേയും കവിയുന്ന ദൈവ സമാധാനം നമ്മെ ആശ്വസിപ്പിക്കട്ടെ. മലങ്കര ഓർത്തഡോക്സ് സഭ മുഴുവന്റെയും ആദരാഞ്ജലികൾ... അനുശോചനം അറിയിക്കുന്നു.



# വിയോഗം സൃഷ്ടിക്കുന്ന ശൂന്യത

കർത്താവിൽ പ്രിയരേ

പേപ്പറും പേനയുമായി ഇരിക്കുമ്പോൾ ഒരു പുതിയ ഉത്തരവാദിത്വം കൂടി ഇതോടൊപ്പം പിറവി എടുക്കുന്നു എന്ന ബോധ്യം ഉള്ളിൽ ഉണ്ട് എങ്കിലും അതിൽ ഉപരി ഒരു ശൂന്യതയുടെ മനോഭാരവും, ഇടവിടാത്ത ഹൃദയ വേദനയും ഉള്ളിൽ ഉണ്ട് എന്നത് മറച്ചു വെക്കുന്നില്ല...

ദുഖത്തിന്റെയും, പ്രയാസത്തിന്റെയും, ദുരിതത്തിന്റെയും ദിനരാത്രങ്ങൾ കൺമുമ്പിൽ കൂടി കടന്ന് പോയി ..

കേരളം കണ്ടതിൽ വെച്ച് ഏറ്റവും വലിയ ജല പ്രളയമാണ് ആഴ്ചകൾക്ക് നാം അഭിമുഖീകരിച്ചത് മുമ്പ് പഴമക്കാർ പറഞ്ഞു പഴകിയ ഒരു പഴയ വെള്ള പൊക്കം കേട്ട് മാത്രം പരിചയം ഉള്ള നമ്മുടെ പുതു തലമുറയ്ക്ക് കൺമുമ്പിൽ കണ്ട ആ ഭീകരത ഉൾക്കൊള്ളുവാൻ കഴിഞ്ഞിട്ടില്ല. നമ്മുടെ ഭദ്രാസനത്തിലെ 30 ൽ പരം ഇടവകകൾ പ്രളയ ദുരിതത്തിൽ പ്രയാസം അനുഭവിക്കുന്നു. ദുരന്തമുഖത്ത് നിന്ന് കര കേറി വരുമ്പോൾ അവിടെ ആശ്വാസ വാക്കുകൾക്ക് പ്രസക്തി തീരെ ഇല്ല എങ്കിലും ഞാൻ നിങ്ങളെ ഒരു നാളും കൈവിടുയില്ല ഉപേക്ഷിക്കുകയും ഇല്ല എന്ന ദൈവശബ്ദം ശ്രവിക്കുവാനും, പുതിയ ജീവിതത്തിന്റെ പട ഒരുക്കത്തിന് ഊർജം ഉള്ളവരായി , പ്രതീക്ഷയുടെ തുറമുഖം കൺമുമ്പിൽ ഉണ്ട് എന്ന ബോധ്യത്തിൽ മുമ്പോട്ട് ഗമിക്കുവാനും കഴിയട്ടെ എന്ന് ആശംസിക്കുന്നു. ഇയ്യോബിനെ കണ്ടവനായ ദൈവം നമുക്ക് മുമ്പിൽ ഉണ്ട്. അവന്റെ കാലടി പാടുകളിൽ പാദ മൂന്നി ശുഭതയുടെ തേജസ്സിനെ കാണും വരെ നമുക്ക് യാത്ര തുടരാം. ഈ മഹാ ദുരന്തത്തിൽ സഹായ ഹസ്തം നീട്ടിയ എല്ലാ സുമനസുകളോടും ഉള്ള സ്നേഹവും നന്ദിയും അറിയിക്കുന്നതോട് ഒപ്പം ദൈവമുമ്പാകെ സമർപ്പിക്കുകയും ചെയ്യുന്നു. തിരിച്ചു വരവിന്റെ മുൻ ഒരുക്കത്തിന് നമുക്ക് ഒന്നിച്ചു അണി നിരക്കാം

വീണ്ടും പ്രിയരേ

നമ്മുടെ വലിയ തിരുമേനിയും, ചെങ്ങന്നൂർ ഭദ്രാസന അധിപനും, സീനിയർ മെത്രാപ്പോലീത്തയുമായിരുന്ന അഭി. തോമസ് മാർ അത്താനാസിയോസ് തിരുമേനിയുടെ ആകസ്മികമായ വേർപാട് നമ്മെ ദുഖത്തിന്റെ ആഴ കടലിൽ ആഴ്ത്തി എന്നതിന് സംശയം ഇല്ല. പ്രളയ ദുരിതത്തിൽ ഏറെ അകപ്പെട്ടു പോയ നമ്മുടെ ഭദ്രാസനത്തെ സംബന്ധിച്ചു ഏറ്റവും വലിയ ദുഖമാണ് അഭി. വലിയ തിരുമേനിയുടെ വിടവാങ്ങൽ മൂലം ഉണ്ടായിരിക്കുന്നത്. ചെങ്ങന്നൂർ ഭദ്രാസനത്തിന്റെ പ്രഥമ മെത്രാപ്പോലീത്ത എന്ന നിലയിൽ ഈ ഭദ്രാസനത്തിന്റെ സർവ്വോന്മുഖമായ വികസനത്തിന് തിരുമേനിയുടെ അക്ഷീണ പ്രവർത്തനം മുഖാന്തിരമായി എന്നതിൽ രണ്ടു പക്ഷമില്ല. വിദ്യാഭ്യാസ മേഖലയിൽ തിരുമേനിയുടെ സംഭാവന വില മതിക്കാൻ ആവാത്തതാണ്. അതുപോലെ രാഷ്ട്രീയ, സാമൂഹിക, മത, എക്യുമിനിക്കൽ രംഗങ്ങളിൽ തിരുമേനിയുടെ സാന്നിധ്യവും മലങ്കര ഓർത്തഡോക്സ് സഭയെ സംബന്ധിച്ചു എന്നും അഭിമാനത്തിന് വക നൽകി. ബഥേൽ പത്രിക ആഗസ്റ്റ് മാസത്തെ ഇടയലേഖനം വലിയ തിരുമേനി തയ്യാറാക്കിയ ശേഷം അടുത്ത മാസം മുതൽ കൊച്ചുതിരുമേനി ഇടയപത്രിക തയ്യാറാക്കണമെന്ന് എന്നോട് കൽപ്പിച്ചപ്പോൾ അതൊരു വിടവാങ്ങലിനുള്ള തയ്യാറെടുപ്പാണെന്ന് ഞാൻ കരുതിയില്ല. നമുക്ക് ഉണ്ടായ ഈ വിടവ് നികത്തുവാൻ കഴിയുന്നതല്ല എങ്കിലും ക്രിസ്തീയ പ്രത്യാശ നമ്മെ നയിക്കട്ടെ ... വി. പിതാക്കന്മാർക്ക് വാഗ്ദാനം ലഭിച്ച മോഹന വാസസ്ഥലത്തിനു നമ്മുടെ വലിയ തിരുമേനിക്കും അർഹത ലഭിക്കട്ടെ... അഭി. പിതാവിന്റെ പ്രാർത്ഥന നമുക്ക് കോട്ടയായിരിക്കട്ടെ !

നമ്മുടെ വേദനകളിൽ നിന്നും കാരുണ്യവാനായ ദൈവം നമ്മെ കാത്ത് സംരക്ഷിക്കുമാറാകട്ടെ..

കർതൃ ശുശ്രൂഷയിൽ

നിങ്ങളുടെ ഇടയൻ

**മാത്യൂസ് മാർ തീമോത്തിയോസ് മെത്രാപ്പോലീത്ത**



# ഭാരതത്തിന്റെ ആത്മാവിനെ ഗ്രാമങ്ങളിൽ കണ്ടെത്തിയ ദാർശനികൻ

**ഡോ. ഫിലിപ്പോസ് മാർ ക്രിസോസ്റ്റം വലിയ മെത്രാപ്പോലീത്ത**

ചെങ്ങന്നൂരിന് അഭിമാനവും ഓർത്തഡോക്സ് സഭയ്ക്ക് അനുഗ്രഹവും കേരളത്തിന് ആശീർവാദവും ആയ തോമസ് മാർ അത്താനാസിയോസ് തിരുമേനിയുടെ വിയോഗം എന്നെ വേദനിപ്പിക്കുന്നു. തിരുമേനി ജനിച്ചത് ചെങ്ങന്നൂരിന് വേണ്ടിയാണ്. ദൈവം ചെങ്ങന്നൂരിന് നല്കിയ ദാനമാണ് അത്തനാസിയോസ് തിരുമേനി. വലിയ കാര്യങ്ങൾ ചെറുതിൽ നിന്നാണ്. ചെറുതിനെ വലുതാക്കുന്നതാണ് പ്രയാസം. അവസാനത്തവന്റെ ഉയർച്ചയായിരുന്നു തിരുമേനിയുടെ ലക്ഷ്യം. ഗുജറാത്തിലെ റിഫൈനറി ഓയിൽ കമ്പനിയ്ക്ക് സ്കൂൾ നടത്തണം. അവർ തിരുമേനിയെ മനസ്സിലാക്കിയത് സാധ്യതകളെ വെളിച്ചത്തുകൊണ്ടുവരാനുള്ള അസാധാരണ സിദ്ധിവിശേഷം തിരിച്ചറിഞ്ഞുകൊണ്ടാണ്. ഞാൻ ആ വിദ്യാലയങ്ങളെയെല്ലാം പോയി സന്ദർശിച്ചിട്ടുണ്ട്. മഹാത്മാ ഗാന്ധിയുടെ നാട്ടിൽ അദ്ദേഹത്തിന്റെ ആദർശങ്ങളെ എല്ലാം സ്വാംശീകരിച്ച് ഗ്രാമങ്ങളിലാണ് ഭാരതത്തിന്റെ ആത്മാവ് കുടികൊള്ളുന്നത് എന്ന വലിയ സത്യം ഉൾക്കൊണ്ട് പ്രവർത്തിച്ചു. എല്ലാ വിദ്യാലയങ്ങളും തിരുമേനി ആരംഭിച്ചത് ഗ്രാമങ്ങളിലാണ്. ഉയർന്ന വിദ്യാഭ്യാസം നല്കി ഗ്രാമങ്ങളെ പട്ടണങ്ങളാക്കി. സാധ്യതകളെ കണ്ടെത്തുന്നതിൽ അഗ്രഗണ്യനായ ആചാര്യനാണ് തിരുമേനി. സാധിക്കേണ്ട കാര്യം സാധിക്കാൻ സാധ്യതകളെയും സാഹചര്യങ്ങളെയും സ്വയത്തെയും പരുവപ്പെടുത്തുന്നവനാണ് സമർത്ഥൻ. മുമ്പിലുള്ള ലക്ഷ്യം സഫലമാക്കാൻ കൃത്യമായി ഗൃഹപാഠം ചെയ്യുമായിരുന്നു. തിരുമേനിയ്ക്ക് തച്ചു ശാസ്ത്രമറിയാം, വേദശാസ്ത്രമറിയാം, കായിക അഭ്യാസം ശീലിച്ചിട്ടുണ്ട്. സൗഹാർദ്ദശാസ്ത്രമറിയാം. മനസ്സിൽ കണ്ട കാര്യം സാധിക്കാൻ കഠിനാദ്ധ്വാനം ചെയ്യും. താൻ ഉൾപ്പെടുന്ന സമൂഹം നന്നായെങ്കിലെ ലോകം നന്നാകൂ. ചെറിയ ചെറിയ കൂട്ടങ്ങളെ ശരിയായി രാഷ്ട്ര നിർമ്മിതിയ്ക്കായി പരിശീലിപ്പിച്ചു. ഓരോ വ്യക്തിയുടെയും മനസ്സ് വായിച്ചെടുക്കുവാൻ അദ്ദേഹത്തിന് സാധിച്ചു. ഒരുവനെയും തള്ളിക്കളയുവാൻ അദ്ദേഹം ആഗ്രഹിച്ചില്ല. ആയിരിക്കുന്നതുപോലെ അംഗീകരിച്ച് ആകേണ്ട പോലെ അവനെ ആക്കിത്തീർക്കും.

# നഷ്ടമായത് അനുജനെ

**ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്ത**



പ്രതിസന്ധിയുടെ മദ്ധ്യത്തിൽ ആശ്വാസവും പ്രത്യാശയും നല്കുന്ന കർത്താവിന്റെ സാന്നിദ്ധ്യം സഭയ്ക്കു ബലമാകട്ടെ എന്ന് ആശംസിക്കുന്നു. അരൂർ പാലത്തിനടുത്തുവച്ചാണ് ഞാൻ ഈ ദുഃഖവിവരം അറിയുന്നത്. നേരെ ആശുപത്രിയിൽ ചെന്ന് കാണുകയുണ്ടായി. സുസ്മേരവദനനയായിട്ടാണ് ഞാൻ തിരുമേനിയെ കണ്ടത്. സഭയുടെ ദൗത്യനിർവ്വഹണത്തിൽ ശ്രദ്ധേയമായ ചുവടുവയ്പ്പുകൾ നടത്തിയിട്ടുള്ള അഭിവന്ദ്യ തിരുമേനി എനിക്ക് മൂന്നു വഴികളിൽ സഹോദരനാണ്. ഞങ്ങൾ ഇരുവരുടെയും വല്യമ്മ മാവേലിക്കര വടക്കേതലയ്ക്കൽ കുടുംബത്തിൽ നിന്നാണ്. അതുപോലെ ഞങ്ങളുടെ കുടുംബത്തിൽ നിന്ന് അയിരുക്കുഴിയിൽ കെട്ടിച്ച ഒരു സ്ത്രീയുടെ ബന്ധത്തിലും തിരുമേനിയ്ക്ക് രക്തബന്ധമുണ്ടായിരുന്നു. മൂന്നാമത് എന്റെ അമ്മയുടെ അനുജത്തിയുടെ സഹോദരിയുടെ മകൻ എന്നതും ഞങ്ങളുടെ ബന്ധം വളർത്തി. ഏതു പൊതുവേദിയിലും തിരുമേനി സംബോധന ചെയ്യുന്നത് എന്റെ "ജ്യേഷ്ഠസഹോദരൻ" എന്നാണ്. വളരെ ഹൃദ്യമായ സഹോദരബന്ധമാണ് ഞങ്ങൾ പുലർത്തിയത്. മലങ്കരസഭയ്ക്ക് വിശിഷ്യാ ഗുജറാത്ത് സംസ്ഥാനത്ത് നല്കിയ സേവനങ്ങൾ ആ സംസ്ഥാനം മറക്കില്ല. ആ സ്ഥാപനങ്ങൾ തിരുമേനിയോടൊപ്പം പോയി കാണുവാൻ കഴിഞ്ഞു. ബാഹ്യകേരള ഭദ്രാസനത്തിൽ ആയിരിക്കുമ്പോൾ അത് നേരിട്ടറിഞ്ഞതാണ്. ഭദ്രാസനത്തിലെ ജനങ്ങളുടെ ആവശ്യങ്ങൾ വരുമ്പോൾ എഴുതുന്ന കത്തുകളിലും ആ സാഹോദര്യം വെളിപ്പെടുത്തുമായിരുന്നു. അപരിഹാര്യമായ ഒരു നഷ്ടമായിട്ടാണ് ഞാൻ ഇതിനെ കാണുന്നത്. മീഖാപ്രവാചകൻ പറഞ്ഞിരിക്കുന്നുപോലെ നീതി പ്രസംഗിച്ചും ദയാതല്പരനായും വിനയത്തോടും കൂടെ ദൈവസന്നിധിയിൽ നടക്കുന്നതായി തിരുമേനിയെ ഞാൻ ദർശിച്ചിട്ടുണ്ട്.



# പാത്രിയർക്കീസ് ബാവാ അനുശോചിച്ചു

ഡമാസ്കസ് : മലങ്കര ഓർത്തഡോക്സ് സഭ ചെങ്ങന്നൂർ ഭദ്രാസനാധിപൻ തോമസ് മാർ അത്താനാസിയോസിന്റെ വേർപാടിൽ പരിശുദ്ധ ഇഗ്നാത്തിയോസ് അപ്രേം ദ്വിതീയൻ പാത്രിയർക്കീസ് ബാവാ ദുഃഖം രേഖപ്പെടുത്തി. മലങ്കര സഭയോടും ചെങ്ങന്നൂർ ഭദ്രാസനത്തോടും മാർ അത്താനാസിയോസിന്റെ കുടുംബാംഗങ്ങളോടും അനുശോചനം അറിയിക്കുന്നതായി സന്ദേശത്തിൽ അദ്ദേഹം പറഞ്ഞു. മലങ്കര സഭയുടെ എക്യുമെനിക്കൽ റിലേഷൻസ് ഡിപ്പാർട്മെന്റിനും ഓർത്തഡോക്സ് - യാക്കോബായ എപ്പിസ്കോപ്പൽ സിനഡ് സെക്രട്ടറിമാർക്കുമാണ് പാത്രിയർക്കീസ് ബാവായുടെ മലങ്കരകാര്യ സെക്രട്ടറി ഓഗസ്റ്റ് 24ന് താഴെ പറയുന്ന അനുശോചന സന്ദേശം അയച്ചത്.


"His Holiness Patriarch Mor Ignatius Aphrem II is shocked by the tragic accident that led to the sorrowful demise of HG Mor Athanasios Thomas Metropolitan of Chengannoor Diocese, Kerala.

His Holiness offers his condolences to the entire Church in Malankara, the Chengannoor Diocese as well as the members of the family of the Late Lamented Metropolitan."

എറണാകുളം സെന്റ് മേരീസ് കത്തീഡ്രൽ പള്ളിയിൽ ആദരാഞ്ജലി അർപ്പിക്കാനെത്തിയ യാക്കോബായ സിനഡ് സെക്രട്ടറി ജോസഫ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ പരിശുദ്ധ പാത്രിയർക്കീസ് ബാവായുടെയും ശ്രേഷ്ഠ കാതോലിക്കാ ബാവായുടെയും അനുശോചനം നേരിട്ടറിയിക്കുകയുണ്ടായി.

# തീരാനഷ്ടം...

**കുമ്മനം രാജശേഖരൻ**



ചെങ്ങന്നൂർ ഓർത്തഡോക്സ് ഭദ്രാസനാധിപൻ തോമസ് മാർ അത്തനാസിയോസിന്റെ വിയോഗം തീരാനഷ്ടമാണ്. വിദ്യാഭ്യാസ - സാമൂഹ്യ - സാംസ്കാരിക മണ്ഡലങ്ങളിൽ നിറസാന്നിധ്യമായിരുന്നു അദ്ദേഹം. എല്ലാ വിഭാഗം ജനങ്ങളുമായി സുദൃഢമായ സൗഹൃദവും മറ്റ് ബന്ധവും പുലർത്തിപ്പോന്നു. പ്രധാനമന്ത്രി ശ്രീ. നരേന്ദ്രമോദിയുമായി അടുത്ത സ്നേഹബന്ധം ആണ് ഉണ്ടായിരുന്നത്. ഗുജറാത്തിൽ വിദ്യാഭ്യാസ രംഗത്ത് പ്രശംസനീയമായ നേട്ടങ്ങൾ കൈവരിക്കാനും സേവന സന്നദ്ധ പ്രവർത്തനങ്ങൾ വിജയകരമായി നടത്താനും അദ്ദേഹത്തിന് സാധിച്ചു. മദ്യം, മയക്കുമരുന്ന് തുടങ്ങിയ സാമൂഹ്യ വിപത്തുകൾക്കെതിരെ ശ്രദ്ധേയമായ ബഹുജന മുന്നേറ്റങ്ങൾ നടത്തി. ധർമ്മത്തിനും, സത്യത്തിനും നീതിക്കും വേണ്ടി സ്വീകരിച്ച അചഞ്ചലമായ നിലപാടുകൾ ഏവരുടെയും ആദരവിനും അംഗീകാരത്തിനും ഇടയാക്കി. അദ്ദേഹവുമായി ഇടപെട്ട സന്ദർഭങ്ങളിലെല്ലാം ഒരിക്കലും മറക്കാനാവാത്ത പ്രേരണാത്മകമായ അനുഭവവും പ്രതികരണവും ഉണ്ടായിട്ടുള്ളത് നന്ദിയോടെ ഓർക്കുന്നു. സാമൂഹ്യനവോത്ഥാനത്തിനും പരിവർത്തനത്തിനും വേണ്ടി നടത്തിയിട്ടുള്ള ഉജ്ജ്വലമായ പ്രവർത്തനങ്ങൾ എന്നെന്നും നാട് സ്മരിക്കും. ആ ധന്യസ്മരണയ്ക്കു മുമ്പിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു.


നാടിനും പ്രത്യേകിച്ച് സഭാംഗങ്ങൾക്കും ഉണ്ടായ ഈ ദുഃഖത്തിൽ ഞാനും പങ്കുചേരുന്നു.

പശ്ചിമഭാരതത്തിന്റെ അപ്പസ്തോലൻ എന്നാണ് തോമസ് മാർ അത്താനാസിയോസ് വിശേഷിപ്പിക്കപ്പെടേണ്ടത്. മഹാരാഷ്ട്ര, രാജസ്ഥാൻ, ഗുജറാത്ത് തുടങ്ങിയ സംസ്ഥാനങ്ങളിലെ അനേകം ഇടങ്ങളിൽ ആരാധനാസൗകര്യം ഇല്ലാതിരുന്ന സ്വസമുദായാംഗങ്ങൾക്ക് അദ്ദേഹം നല്ല ഇടയനായി. മെത്രാനായി നാട്ടിലേക്ക് മടങ്ങുവോളം ഗുജറാത്തിലായിരുന്നു തിരുമേനിയുടെ പ്രവർത്തനം. ബറോഡയിലെ ബേസിൽ സ്കൂൾ അദ്ദേഹം തുടങ്ങിയതാണ്. ഗുജറാത്ത് റിഫൈനറിയുടെ ഇംഗ്ലീഷ് സ്കൂൾ അദ്ദേഹത്തിന്റെ സിദ്ധികൾ തിരിച്ചറിഞ്ഞ അധികാരികൾ അദ്ദേഹത്തെ ഏല്പിച്ചതാണ്. ആറ് പുതിയ വിദ്യാലയങ്ങളും അദ്ദേഹം അവിടെ സ്ഥാപിച്ചു. മതനിരപേക്ഷമായ അന്തരീക്ഷത്തിൽ വിദ്യ നേടാൻ  ഗുജറാത്തിലെ കുട്ടികളെ സഹായിച്ച ഈ മതാദ്ധ്യക്ഷൻ നരേന്ദ്രമോദിയുടെ സുഹൃത്തായി മാറിയതിൽ അത്ഭുതം വേണ്ട.

മെത്രാനായി ചെങ്ങന്നൂരിൽ എത്തിയപ്പോഴും തിരുമേനിയിൽ സക്രിയമായി ശോഭിച്ചത് ഈ അദ്ധ്യാപകഭാവം ആയിരുന്നു. സ്നാപക യോഹന്നാന്റെ ജന്മദിനം സഭയുടെ ശിശുദിനമായി വേർതിരിച്ചത് അദ്ദേഹം സ്വന്തം ഭദ്രാസനത്തിൽ തുടങ്ങിയ പരിപാടിയുടെ തുടർച്ചയാണ്. ഒരു റിസേർച്ച് സെന്ററും സെക്യുലർ വിദ്യാഭ്യാസത്തിൽ ശോഭിക്കാൻ ചെറുപ്പക്കാരെ സഹായിക്കുന്ന വിദ്യാജ്യോതിയും ഈ ഗുരുശ്രേഷ്ഠന്റെ സ്മാരകങ്ങളായി എന്നും തുടരും. ചെങ്ങന്നൂരിലൊരു സിവിൽ സർവീസ് അക്കാഡമി എന്ന ആശയവും അദ്ദേഹത്തിന്റേത് തന്നെ. ഇടവകകളിൽ നേതൃസ്ഥാനത്തേക്ക് തിരഞ്ഞെടുക്കപ്പെടുന്നവർക്ക് പരിശീലനം നല്കുന്നതിനെക്കുറിച്ച് ആദ്യം ചിന്തിച്ച മെത്രാൻ അദ്ദേഹം ആയിരുന്നു. ആരാധനയിൽ സഹായിക്കുന്ന പരികർമ്മികളായ ശുശ്രൂഷകരെ-കപ്യാർ – അവരുടെ സേവനത്തിൽ പ്രാവീണ്യം ഉള്ളവരാക്കി മാറ്റാനും ഈ അദ്ധ്യാപകമനസ് വഴി കണ്ടെത്തി.

ഭാരതത്തിലെ ക്രൈസ്തവ ദൗത്യം മതപരിവർത്തനമല്ല എന്ന് തിരിച്ചറിഞ്ഞ ഗുരു ആയിരുന്നു തോമസ് മാർ അത്താനാസിയോസ്. മതപരിവർത്തനത്തെക്കാൾ പ്രധാനം മനഃപരിവർത്തനമാണ് എന്ന് അദ്ദേഹം വിശ്വസിച്ചു. മാനവസേവ എന്ന തത്വം-മനുഷ്യനെ സ്നേഹിക്കുന്നവൻ ഈശ്വരനെ സ്നേഹിക്കുന്നു എന്ന പ്രമാണം – അദ്ദേഹം സ്വജീവിതത്തിൽ പ്രയോഗിച്ച് കാണിച്ചു.

അസ്വാഭാവികമായി അനവസരത്തിൽ സംഭവിച്ചതാണ് അദ്ദേഹത്തിന്റെ മരണം. അത് ഒരു അന്ത്യമല്ല



# ന ഹന്യതേ ഹന്യമാനേ ശരീരേ

**ഡി. ബാബു പോൾ**

എന്നതാണ് ആശ്വാസം. കഠോപനിഷത്തിൽ
“ന ജായതേ മ്രിയതേ വാ വിപർശ്ചിന്നായം കുതശ്ചിന്ന
ബഭൂവ കശ്ചിത് അ ജൊ നിത്യ: ശാശ്വത്യോയം പുരാണോ ന ഹന്യതേ ഹന്യമാനേ ശരീരെ” എന്നു പറയുന്നുണ്ട്. ഈ ചൈതന്യ സ്വരൂപമായ ആത്മാവ് അനശ്വരമാണ്; കൊല്ലപ്പെടുന്ന ശരീരത്തിൽ അത് കൊല്ലപ്പെടുന്നില്ല.



# തനതായ ശൈലിയുടെ ഉടമ

ഡോ. യാക്കൂബ് മാർ ഐറേനിയോസ്

ഒരു സമൂഹത്തിന്റെയും സമുദായത്തിന്റെയും മനഃസാക്ഷിയായിരുന്ന ഒരു മതാദ്ധ്യക്ഷനാണ് വിടവാങ്ങിയിരിക്കുന്നത്. എല്ലാറ്റിനും തനതായ ഒരു ശൈലി അദ്ദേഹത്തിന്റെ കർമ്മരംഗങ്ങളിൽ ദർശിക്കാവുന്നതാണ്. അക്കാരണത്താൽ പ്രാതഃ സ്മരണീയനായ തോമസ് മാർ അത്താനാസിയോസ് പിതാവ് കൈവയ്ക്കുന്ന ഏതു സംരംഭത്തിനും - അതു കെട്ടിടമായാലും സംഘടനയായാലും ഒരു "അത്താനാസ്യോസ് ടച്ച്" ഉണ്ടായിരിക്കും. അത് അങ്ങനെ വേണമെന്ന് അദ്ദേഹത്തിനു നിർബന്ധമുണ്ടായിരുന്നു. അതിനെപ്പറ്റി പരസ്യമായി പറയുന്നതിനും അദ്ദേഹം മടിച്ചിരുന്നില്ല. ഒത്തിരി സൃഷ്ടി സർഗ്ഗശക്തികൾ ഉൾക്കൊണ്ടിരുന്ന ഈ വ്യക്തിത്വത്തിന്റെ വിലാസം പൂർണ്ണമായും സഭയ്ക്കും സമൂഹത്തിനും പ്രയോജനപ്പെടുത്താനായോ എന്ന് സന്ദേഹമുണ്ട്. വിദ്യാഭ്യാസപ്രവർത്തനങ്ങൾ, യാത്രകൾ, ഭാരതീയ നിർമ്മാണ ശൈലികൾ, പൗരസ്ത്യ വൈദിക സംസ്കാരം ഇവയെല്ലാം ആ മനസ്സിൽ തെളിഞ്ഞു പ്രകാശിച്ചിരുന്നു. പുത്തൻകാവിൽ മാർ പീലക്സീനോസ് എന്ന അതുല്യ സർഗ്ഗധനനായ പിതാവിന്റെ അനന്തരവനാകാനിടയായതും നിയതിയും ഭാഗ്യവും.

ശൈശവാവസ്ഥയിൽ ആയിരുന്ന ചെങ്ങന്നൂർ മെത്രാസനത്തിൽ ശക്തമായ അടിത്തറയായിരുന്നു ഈ പിതാവിന് ലഭിച്ചനിയോഗം. അതു അദ്ദേഹം ശ്ലാഘനീയമായിത്തന്നെ നിർവ്വഹിച്ചു. വിയോഗത്തിനു നാളുകൾക്കു മുമ്പുതന്നെ തന്റെ സമാധിസ്ഥാനം തയ്യാറാക്കി. വിൽപ്പത്രവുമൊരുക്കി തയ്യാറായിരുന്ന ഈ സഭാപിതാവ്, ഏറെപ്പെട്ടെന്നാണ് യാത്രാമൊഴി ചൊല്ലി പറന്നകന്നത്. അദ്ദേഹത്തിന്റെ ഉത്സാഹവും പ്രചോദനവും കൊണ്ട് പഠനവും മറ്റുവഴിയും ഉയർന്നുവന്നവർ അനേകരാണ്. അവരുടെ സ്നേഹപ്രാർത്ഥനാ തേരിൽ ഈ പുണ്യാത്മാവ് പുണ്യദേഹികളോടൊപ്പം ആശ്വസിച്ച് കർത്താവിന്റെ വരവിനെ കാത്തിരുന്ന് വിശുദ്ധരോടു ചേരുവാനിടയാകട്ടെ.

# വിയോഗം വേദനാജനകം

ഡോ. ജോസഫ് മാർ ഗ്രിഗോറിയോസ്



ഏറെ വേദനയോടെയാണ് ഞാൻ നില്ക്കുന്നത്. രണ്ട് ആഴ്ച മുമ്പ് അത്തനാസിയോസ് തിരുമേനി എന്നെ ഫോണിൽ വിളിച്ചിരുന്നു. സഭാകാര്യം പറയാനല്ല വിളിച്ചത്. കൊച്ചി ഭദ്രാസനത്തിന്റെ പ്രഥമ മെത്രാപ്പോലീത്താ ശിമവൂൻ മാർ ദിവന്നാസിയോസ് തിരുമേനിയുമായുള്ള കുടുംബബന്ധം പറയാൻ വേണ്ടിയാണ് എന്നെ വിളിച്ചത്. ആ പിതാവിന്റെ അത്യപൂർവ്വമായ ഛായാചിത്രം തന്റെ പക്കൽ ഉണ്ടെന്നും അത് കടുങ്ങമംഗലം സെന്റ് പീറ്റേഴ്സ് & സെന്റ് പോൾസ് പള്ളിയിൽ കൊണ്ടുവന്ന് അദ്ദേഹത്തിന്റെ കബറിടത്തിൽ വന്നു പ്രാർത്ഥിച്ച് ആ ചിത്രം സമർപ്പിക്കണമെന്നും എന്നെ അറിയിച്ചിരുന്നു. അതിനുള്ള സാഹചര്യം ഉണ്ടാക്കിക്കൊടുക്കാമെന്ന് പറഞ്ഞിരുന്നുവെങ്കിലും അതിനു മുമ്പ് അദ്ദേഹം കടന്നുപോയി. ഏതാനും മിനിറ്റുകൾക്കുമുമ്പ് പ. പാത്രിയാർക്കിസ് ബാവാ എന്നെ വിളിച്ചിരുന്നു. അദ്ദേഹത്തിന്റെ ആത്മബന്ധം അനുസ്മരിക്കുകയും എന്റെ പ്രാർത്ഥന അറിയിക്കണമെന്നും എന്നോടു പറഞ്ഞിരുന്നു.

# കിരീടം പ്രാപിപ്പാൻ



ബിഷപ്പ് സെബാസ്റ്റ്യൻ തെക്കേത്തച്ചേരിൽ
വിജയപുരം രൂപത

അത്താനാസിയോസ് തിരുമേനി പാവപ്പെട്ടവർക്കുവേണ്ടി ജീവിച്ചു. മനുഷ്യന്റെ ഉന്നതി വിദ്യാഭ്യാസ പരമായ സംസ്കൃതിയിലാണെന്ന് ഉറച്ചു വിശ്വസിച്ച തിരുമേനി അതിനുവേണ്ടിയുള്ള എല്ലാ ക്രമീകരണങ്ങളും ചെയ്തു. തന്റെ ജനത്തിനു വേണ്ടി ജീവൻ സമർപ്പിക്കുകയായിരുന്നു. നിറവേറ്റിയ കർത്തവ്യങ്ങൾ അതിന്റെ സമ്മാനം വാങ്ങുവാൻ വേണ്ടിയുള്ള ഒരു യാത്രയാണ്. ലഭിച്ചിരിക്കുന്ന കൃപകൾ മറ്റുള്ളവരുടെ നന്മയ്ക്കുവേണ്ടി വിനയോഗിക്കുക അതിനായിട്ടാണ് സമർപ്പിത ജീവിതം ഈ ശ്രേഷ്ഠ ഇടയൻ നിറവേറ്റിയത്. ചെങ്ങന്നൂരിന്റെ മാത്രമല്ല ഈ ദേശത്തെ മുഴുവൻ ദുഃഖത്തിലാഴ്ത്തുന്ന ഒന്നാണ്. ഈ ദേശവാസി എന്ന നിലയിൽ എന്നെയും ഏറെ വേദനപ്പെടുത്തുന്നു. വിജയപുരം രൂപതയുടെ പ്രാർത്ഥനകൾ രേഖപ്പെടുത്തുന്നു.




# നയതന്ത്രജ്ഞൻ

**മേജർ ആർച്ച് ബിഷപ്പ് കർദിനാൾ ജോർജ്ജ് ആലഞ്ചേരി**

ആകസ്മികമായ വേർപാട് ദുഃഖമുളവാക്കുന്നു. പിതാവിനെ ഇന്റർചർച്ച് കൗൺസിലിലൂടെയാണ് ഞാൻ പരിചയപ്പെടുന്നത്. സഭയെക്കുറിച്ചും സമൂഹത്തെക്കുറിച്ചും സുചിന്തിതമായ തീരുമാനങ്ങൾ അറിയിച്ചിരുന്നു. വിദ്യാഭ്യാസ രംഗത്തെ നൂതന ദർശനങ്ങൾ പ്രധാനമന്ത്രിയോടും മറ്റു ഉന്നത ശീർഷരോടുംവെച്ചു പുലർത്തിയ ആഴമായ സൗഹൃദം, ഭാരതസഭയ്ക്ക് അനുഗ്രഹമായിരുന്നു. സീറോ മലബാർ സഭയുടെ മുഴുവന്റെയും അനുശോചനം.

# സെമിനാരികളോടു പുലർത്തിയ വാത്സല്യം

**ഫാ. ഡോ. ഒ. തോമസ്**



ആത്മീകവും ലൗകികവും തമ്മിൽ വേർതിരിക്കാതെ നന്മ ചെയ്യുന്നതെല്ലാം ദൈവീകമാണെന്ന തത്വശാസ്ത്രം ജീവിതത്തിൽ പ്രാവർത്തികമാക്കിയ പിതാവാണ് അത്താനാസിയോസ് തിരുമേനി. താൻ കൈവെക്കാത്ത മേഖലകളൊന്നും തന്നെയില്ല. കൈവച്ച മേഖലകളിലെല്ലാം തന്റേതായ വ്യക്തി മുദ്ര പതിപ്പിച്ചിട്ടാണ് കടന്നുപോയത്. അനേക സഹസ്രാബ്ദങ്ങളിലേക്ക് അദ്ദേഹത്തെ ഓർക്കുവാൻ തക്കവണ്ണം വലിയ വലിയ സംഭാവനകളാണ് ഓരോ മേഖലയിലും നല്കിയിട്ടുള്ളത്. വൈദിക സെമിനാരിയ്ക്ക് തിരുമേനിയുടെ കൈത്താങ്ങൽ വളരെ ശ്രേഷ്ഠമായ ഒന്നായിരുന്നു. സെമിനാരി ഗവേണിംഗ് ബോഡിൽ പ്രവർത്തിച്ച സമയത്ത് എത്ര തിരക്കുണ്ടെങ്കിലും സെമിനാരിയുടെ ഭരണസമിതിയിൽ സംബന്ധിച്ച് ക്രിയാത്മക നിർദ്ദേശങ്ങൾ നല്കിയിട്ടുണ്ട്. സെമിനാരി ലൈബ്രറി വിപുലപ്പെടുത്തുവാൻ തക്കവണ്ണം അബുദാബിയിൽ വൈദീകനായിരിക്കുമ്പോൾ തന്നെ അവിടെ നിന്ന് ഗണ്യമായ ഒരു തുക സമാഹരിച്ച് സെമിനാരിയ്ക്ക് നല്കി. സെമിനാരി ലൈബ്രറിയെ വിപുലപെടുത്തുവാൻ മുൻകൈ എടുത്തിരുന്നു. സെമിനാരിയെ പ്രത്യേകം കരുതലോടെ കണ്ടു. നല്ല വിദ്യാർത്ഥികളെ തെരഞ്ഞെടുത്ത് സെമിനാരിയിൽ അയയ്ക്കുന്നതിൽ പ്രത്യേക ശ്രദ്ധ പുലർത്തിയിരുന്നു. അച്ചടക്ക നടപടിയുമായി ബന്ധപ്പെട്ടു സെമിനാരി എടുക്കുന്ന തീരുമാനങ്ങൾ അതേപടി അംഗീകരിച്ചിരുന്നു. 1985-ലെ മേല്പ്പട്ടവാഴ്ചയിൽ ഞാനും സംബന്ധിച്ചിരുന്നു. 5 പേരെയാണ് അന്ന് വാഴിച്ചത്. അത്താനാസിയോസ് തിരുമേനി മലങ്കരസഭയിൽ നിറഞ്ഞു നിന്നു പ്രവർത്തിക്കുന്ന കാലയളവിൽ തന്നെക്കാൾ പ്രായത്തിൽ ഏറ്റവും ജൂണിയറായ പിതാവ് സഭയുടെ പ്രധാന മേലദ്ധ്യക്ഷനായപ്പോൾ ഈ പിതാവ് അദ്ദേഹത്തോട് കാണിച്ചിട്ടുള്ള സ്നേഹബഹുമാനം അത് കണ്ടിട്ടുള്ള എല്ലാവർക്കും മാതൃകയായിട്ടുള്ള ഒന്നാണ്. പ്രായത്തിലും പരിചയത്തിലും പ്രവർത്തിയിലും അനുഭവത്തിലും ഏറെ മുമ്പിലായിരുന്നുവെങ്കിലും തന്നെക്കാൾ ജൂനിയറായ ഒരാളെ കാതോലിക്കാ ആയി തിരഞ്ഞെടുത്തപ്പോൾ കാതോലിക്കായോടു കാണിച്ച ആദരവും വിനയവും അദ്ദേഹത്തെ വ്യതിരിക്തനാക്കുന്നു. അത്രമാത്രം ഹൃദയവിശാലതയോടെ ഇളയ സഹോദരനെ കണ്ടു. സെമിനാരി പ്രിൻസിപ്പലായി ചുമതല എടുത്തപ്പോൾ മുതൽ മുമ്പ് എന്നെ കണ്ടതിൽ അപ്പുറമായി സെമിനാരി പ്രിൻസിപ്പൽ എന്ന നിലയിൽ നല്കിയ കൈത്താങ്ങൽ നന്ദിപൂർവ്വം സ്മരിക്കുന്നു.



# മരണം മുന്നമേ പ്രവചിച്ച മഹിതാചാര്യൻ!

**ഫാ. മോൻസി കടവിൽ, പുത്തൻകാവ്**


26.10.2017 പരുമല പെരുന്നാളിനു മുന്നോടിയായുള്ള കൊടിയേറ്റ് കർമ്മം. സമയം ഏകദേശം 3 പി.എം. പരുമല പള്ളിയിലും പരിസരത്തും വമ്പിച്ച വൈദീക ജനസമൂഹം. പള്ളിയുടെ അകത്തേക്ക് ചെങ്ങന്നൂർ ഭദ്രാസനാധിപൻ, സീനിയർ മെത്രാപ്പോലീത്ത അഭി. തോമസ് മാർ അത്താനാസിയോസ തിരുമേനി. മദ്ബഹായിലേക്ക് പോകുംവഴി ഒറ്റനോട്ടത്തിൽ വൈദീകരുടെ ഇടയിൽ നിൽക്കുന്ന എന്നെ കണ്ടു. കൈയാട്ടി വിളിച്ചു. ഞാൻ അടുത്ത് ചെന്നു. എന്റെ കയ്യിൽ തിരുമേനി പിടിച്ചു എന്നോട് "എന്റെ കൂടെ അച്ചനും, ശെമ്മാശനും ഇല്ല. എന്നെ നോക്കി കൊള്ളണം, എന്റെ കൂടെ നിന്നോണം; ഇത് എന്റെ അവസാനത്തെ കൊടിയേറ്റാണ് ഇനിയും ഒരു പരുമല പെരുന്നാൾ കൊടിയേറ്റിന് ഞാൻ കാണില്ല". ഞാൻ ഇതുകേട്ട് സ്തബ്ധനായിപ്പോയി. സാധാരണ പരുമല പെരുന്നാൾ കോടിയേറ്റ് കർമ്മം പ: ബാവ തിരുമനസ്സുകൊണ്ടാണ് നിർവഹിക്കുന്നത്. എന്നാൽ അന്നേദിവസം മലബാർ ഭദ്രാസനാധിപൻ അഭി. ഡോ. സഖറിയാസ് മാർ തേയോഫിലോസ് തിരുമേനിയുടെ കബറടക്കം കോയമ്പത്തൂർ തടാകം ആശ്രമത്തിൽ നടക്കുന്നതിനാൽ പ: പിതാവിന് വരുവാൻ കഴിഞ്ഞില്ല. ഒരു ദൈവനിയോഗം പോലെ അഭി. അത്താനാസിയോസ് തിരുമേനി കൊടിയേറ്റ് കർമ്മം നിർവ്വഹിച്ചു. പറഞ്ഞ വാക്ക് അറംപറ്റിയപോലെ 2018 പരുമല പെരുന്നാൾ കൊടിയേറ്റിന് മുമ്പ് തിരുമേനി ആരിൽ ആശ്രയം വച്ചുവോ ആ പിതാവിന്റെ സന്നിധിയിലേക്ക് പരിശുദ്ധന്മാരോടൊപ്പം ചേർക്കപ്പെട്ടു. വന്ദ്യപിതാവേ സമാധാനത്തോടെ വസിക്കുക.

# സ്വപ്ന സാഫല്യമായ ലോൺ സ്കോളർഷിപ്പ്



ബി.ഡി.എസ്. നാലാം വർഷ വിദ്യാർത്ഥിനിയാണ് ഞാൻ. പ്ലസ് ടു വിനുശേഷം ബി ഡി എസ് സ്വപ്നം കണ്ടെങ്കിലും വീട്ടിലെ പരിമിതമായ സാഹചര്യം അതിനു അനുകൂലമായിരുന്നില്ല. അപ്പോഴാണ് അഭി. അത്താനാസിയോസ് തിരുമേനി ലോൺ സ്കോളർഷിപ് നൽകുന്നു എന്ന വിവരം കല്പനയിലൂടെ കേട്ടത്. ഞാൻ അപേക്ഷ നൽകി. എന്റെ അപേക്ഷ പരിഗണിച്ചു. ബാങ്കുകൾ കൊള്ളപലിശ വാങ്ങുമ്പോൾ പലിശ രഹിതമായി കിട്ടിയ വലിയ തുക ഞങ്ങൾക്ക് തെളിനീരുറവയായിരുന്നു. അഭി. തിരുമേനിക്ക് ഓരോ സെമസ്റ്ററിലേയും റിസൽറ്റും ആവശ്യപ്പെടുമായിരുന്നു. കഴിഞ്ഞ 5 സെമസ്റ്ററുകളിലും യൂണിവേഴ്സിറ്റി ടോപ്പർ ആയ എന്നെ ഓരോ പ്രാവശ്യവും ഫോണിൽ വിളിച്ച് അനുമോദിക്കും. തിരുമേനിയുടെ ഓരോ പ്രോത്സാഹനവാക്കുകളും എനിക്ക് ഊർജ്ജദായകമായിരുന്നു. സ്വർഗ്ഗീയ മദ്ധ്യസ്ഥനായി പിതാവ് തുടർന്നും എനിക്കുവേണ്ടി പ്രാർത്ഥിക്കുമെന്ന് വിശ്വസിക്കുന്നു.

**ഷൈനി നോയൽ**



# നൈപുണ്യം തികഞ്ഞ സാരഥി

ഫാ. ഡോ. റ്റി. ജെ. ജോഷ്വാ

പുത്തൻകാവിൽ കൊച്ചുതിരുമേനിയോടുള്ള അടുപ്പവും കടപ്പാടും അദ്ദേഹത്തിന്റെ സഹോദര പുത്രൻ കെ.റ്റി. തോമസിലേക്ക് എന്നെ അടുപ്പിച്ചു. പ്രത്യേകിച്ച് അദ്ദേഹം വേദശാസ്ത്രപഠനത്തിനായി സെറാമ്പൂരിലേക്കു പോയപ്പോൾ മുതൽ. അദ്ദേഹം അവിവാഹിത വൈദികനായി സ്ഥാനമേറ്റപ്പോൾ കൂടുതൽ ശ്രദ്ധിക്കാനിടയായി. ഉത്തരേന്ത്യയിലും ഗൾഫിലുമുള്ള പല ഇടവകകളിലും ശ്രേഷ്ഠമായ വൈദിക സേവനം നടത്തി. വൈദികനായി ഇടവക പ്രവർത്തനം നടത്തുന്നത് മേല്പട്ട സ്ഥാനത്തെ ശുശ്രൂഷകൾക്ക് വളരെ സഹായകമാണ്. ഇടവകകൾ ഇല്ലാതിരുന്ന പല ഉത്തരേന്ത്യൻ കേന്ദ്രങ്ങളിലും ഇദ്ദേഹം കടന്നെത്തി ശുശ്രൂഷകൾ ക്രമീകരിക്കുന്നതിനും ക്രമേണ ഇടവകയും പള്ളിയുമായി ഉയരുന്നതിനും ഇടയായിട്ടുണ്ട്. ഊർജ്ജസ്വലനായ ഒരു യുവവൈദികൻ, പൗരോഹിത്യ പൈതൃകത്തിന്റെ സത്ത ഉൾക്കൊണ്ട് പ്രവർത്തിച്ചു. അങ്ങനെ പൊതുവായ ശ്രദ്ധയിൽ അദ്ദേഹം വരികയും മേല്പട്ട സ്ഥാനത്തേക്കു തിരഞ്ഞെടുക്കയുമായിരുന്നു.

**1. ഭദ്രാസന ശില്പിയും പ്രഥമസാരഥിയും:** പുതിയ ചെങ്ങന്നൂർ ഭദ്രാസനത്തിന്റെ പ്രഥമ സാരഥിയായി ത്തീരാനുള്ള ഭാഗ്യം നമ്മുടെ കഥാപുരുഷനുണ്ടായി. പുതുതായി രൂപം കൊള്ളുന്ന ഏതിനും ക്രമീകൃതമായ സംവിധാനത്തിലും, അടുക്കും ചിട്ടയും കൈവരിക്കാനും കൂടുതൽ പ്രയത്നിക്കേണ്ടിവരും. കർമ്മയോഗിയായ തിരുമേനിയുടെ പ്രഥമശ്രദ്ധ ഭദ്രാസനത്തിന്, അനുയോജ്യമായ ഒരു ആസ്ഥാനം ഉണ്ടാക്കുന്നതിലായിരുന്നു. ചെങ്ങന്നൂരിന്റെ ഹൃദയഭാഗത്ത്, ഒരു സ്ഥലം കൊച്ചുതിരുമേനി വാങ്ങിച്ച് അതിന് ദൈവഭവനം എന്നർത്ഥമുള്ള ബെഥേൽ എന്നു പേരിട്ടു. അവിടെ രണ്ടുമുറിയുള്ള ഒരു കെട്ടിടവും ചെറിയ ചാപ്പലും അദ്ദേഹം നിർമ്മിച്ച് അതു തന്റെ വാസസ്ഥലമാക്കിയിരുന്നു. ചെങ്ങന്നൂരിന്റെ മാലിന്യം തള്ളിക്കൊണ്ടിരുന്ന ഒരു താഴ്ന്ന പ്രദേശമായിരുന്നു അത്. ദീർഘദൃഷ്ടിയുള്ള തിരുമേനി അല്ലാതെ മറ്റാരും അന്ന് അവിടം അധിവാസകേന്ദ്രമാക്കുവാൻ ഒരുമ്പെടുകയില്ല. പുതിയ തിരുമേനി കുറെ സ്ഥലം കൂടി വാങ്ങി മണ്ണിട്ടുപൊക്കി, മനോഹരമായ ആസ്ഥാനസമുച്ചയം നിർവ്വഹിച്ചു. പിന്നാലെ ചാപ്പലും മനോഹരമായ ഒന്നായി പുനർനിർമ്മാണം ചെയ്തു. കൺവൻഷനും മറ്റും നടത്താൻ അനുയോജ്യമായ ഒരു ചെറിയ മൈതാനവും പാർശ്വത്തിലുണ്ട്.

**2. ഭരണ ക്രമീകരണങ്ങൾ :** അത്തനാസ്യോസ് തിരുമേനി ഒരു നല്ല അഡ്മിനിസ്ട്രേറ്റർ ആയതുകൊണ്ട് ഭദ്രാസനത്തിന്റെ സമസ്ത കാര്യങ്ങളും ചിട്ടപ്പെടുത്തിയതും ക്രമീകൃതവുമായ സംവിധാനത്തിൽ വരുത്തി. വൈദികരുമായി നല്ല ബന്ധം പുലർത്തി ഇടവകയിലെ പ്രവർത്തനങ്ങൾക്കു ചുക്കാൻ പിടിക്കുന്നു. പട്ടക്കാരും മേൽപ്പട്ടക്കാരനും തമ്മിൽ ഉത്തമവും ആത്മാർത്ഥവുമായ ബന്ധം ഇല്ലെങ്കിൽ ഭദ്രാസന പ്രവർത്തനം കാര്യക്ഷമമാകയില്ല. മേലാളരും കീഴാളരും തമ്മിലുള്ള ബന്ധമല്ല കുടുംബാംഗങ്ങൾ തമ്മിലുള്ള ബന്ധം പോലെയാണ്. പാർശ്വവർത്തികളായി ചിലർ സ്ഥാനം പിടിച്ചേക്കാം. പക്ഷേ, എല്ലാവരെയും ഒന്നുപോലെ കാണുന്നതിനും പട്ടക്കാരുടെ ആവശ്യങ്ങളിൽ കടന്നു ചെന്ന് സഹായിക്കയും കൈത്താങ്ങൽ നടത്തുകയും വേണ്ടതാണ്. അതേ സമയത്ത്, വൈദികർ ശിക്ഷണ രാഹിത്യത്തിലേക്കു പോകാതെയുള്ള നിയന്ത്രണവും ആവശ്യമാണ്.

പുതിയ പല പ്രസ്ഥാനങ്ങളും ഈ ഭദ്രാസനത്തിൽ പ്രായോഗികമാക്കുവാൻ തിരുമേനിക്കു കഴിഞ്ഞു. വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിക്കുന്നതിന്, വൈധവ്യത്തിലും, പ്രയാസത്തിലും ഇരിക്കുന്നവരെ സഹാ

യിക്കുന്നതിന് ഒക്കെത്തന്നെ പദ്ധതികൾ ഉണ്ട് എന്നുള്ളത് അഭിനന്ദനാർഹമാണ്. പള്ളിയിലെ ആരാധനകൾ മാത്രമല്ല, ജനങ്ങളുടെ ജീവിതത്തിന്റെ സമസ്ത മേഖലകളിലും സഹായത്തിന്റെയും സദുപദേശത്തിന്റെയും സേവനങ്ങൾ എത്തണം.

**3. വിദ്യാഭ്യാസ വിചക്ഷണൻ:** കഴിവുറ്റ ഒരദ്ധ്യാപകനായി ശോഭിച്ചിട്ടുള്ള അദ്ദേഹം ബറോഡയിൽ അരഡസൻ വിദ്യാലയങ്ങളുടെ അധിപനും കൂടിയാണ്. സഭയുടെ കീഴിലുള്ള വിദ്യാലയങ്ങളുടെ മാനേജ്മെന്റ് ഓരോ കാലത്ത് ഓരോ തിരുമേനിയുടെ ചുമതലയിൽ വിടുന്നു. ചിലരുടെ കാലത്ത് കാര്യക്ഷമമായും നീതിനിഷ്ഠമായും സത്യസന്ധമായും ചുമതലകൾ നിർവഹിക്കപ്പെടുന്നു. എന്നാൽ ചിലരുടെ കാലത്ത് അങ്ങനെയല്ലാതെയും വരുന്നു. അത് ഓരോരുത്തരുടെയും മാനേജ്മെന്റിനുള്ള കഴിവിനെ ആശ്രയിക്കുന്നു. നമ്മുടെ കഥാപുരുഷന്റെ കാലത്ത് എല്ലാം ഭംഗിയായും ചിട്ടയായും നിർവഹിക്കപ്പെട്ടു എന്ന് അഭിനന്ദനാർഹമായ റിപ്പോർട്ടാണ് ലഭിച്ചിട്ടുള്ളത്. അഡ്മിനിസ്ട്രേഷൻ എന്നുള്ള് ഒരു പ്രത്യേക നൈപുണ്യമാണ്. നല്ല വേദശാസ്ത്രജ്ഞനോ, പ്രൗഢവാഗ്മിയോ ആയതുകൊണ്ട് അതു ഉണ്ടായിരിക്കണമെന്നില്ല.

**4. സാമൂഹ്യബന്ധങ്ങൾ :** സമൂഹത്തിൽ വിവിധ സരണികളിൽ നേതൃത്വം വഹിക്കുന്നവരുണ്ട്. അവരെ അംഗീകരിക്കാനും, അഭിനന്ദിക്കാനും പ്രോത്സാഹിപ്പിക്കാനും സഭാസ്ഥാനികൾക്കു കഴിയണം. സഭയും, വിശ്വാസികളും ഇവിടെയുള്ള സാമൂഹ്യബന്ധങ്ങളിൽ ജീവിക്കയും പ്രവർത്തിക്കയും ചെയ്യേണ്ടതാണ്. അതേസമയം രാഷ്ട്രീയ പാർട്ടികളുമായി ഏകീഭവിച്ച് അവരുടെ പരിപാടികൾക്കായി സമയം മാറ്റിവയ്ക്കുന്നത് ന്യായീകരിക്കാവുന്നതല്ല. അതുപോലെ വൈദികർ ഏതെങ്കിലും രാഷ്ട്രീയ പാർട്ടിക്കുവേണ്ടി പ്രവർത്തിക്കുന്നവരും വോട്ടുപിടിക്കുന്നവരും ആകാമോ എന്നു ചോദിക്കുന്നവരുമുണ്ട്.

തിരുമേനി സാമൂഹ്യപ്രവർത്തകരുമായും രാഷ്ട്രീയ പ്രവർത്തകരുമായും നല്ല ബന്ധം പുലർത്തുന്നു എന്നത് ശ്ലാഘനീയമായ കാര്യമായി ഞാൻ കാണുന്നു. ശ്രീ. വൈക്കം വിശ്വൻ തിരുമേനിയുടെ ഒരു സന്ദർശകനാണ്. അതുപോലെ പലരും പ്രധാനമന്ത്രി ശ്രീ. മോഡിയുമായും സൗഹൃദം ഉള്ളതായി കേട്ടിട്ടുണ്ട്. സങ്കുചിതത്വത്തിനതീതമായി മറ്റുള്ളവരുമായി ബന്ധപ്പെടുന്നതും ആശയവിനിമയം ചെയ്യുന്നതും നല്ലതു തന്നെ.

**5. രോഗബാധ വരുത്തുന്ന പ്രതിബന്ധങ്ങൾ:** ഏറെക്കാലമായി അദ്ദേഹത്തെ അലട്ടുന്ന രോഗവും, ശാരീരികാസ്വാസ്ഥ്യവും, പലപ്പോഴും ആശുപത്രിയെ അഭയപ്പെടേണ്ടതായി വരുന്നു. എന്നാൽ അതൊന്നും തിരുമേനിയെ നിഷ്ക്രിയനോ, ഹതാശനോ ആക്കിയിട്ടില്ല. എപ്പോഴും നല്ല പ്രസന്നതയോടും, ഹൃദ്യമായും സംഭാഷണങ്ങൾ നടത്തുവാനും അതിഥികളെ സ്വീകരിക്കാനുമൊക്കെ കഴിയുന്നു.

കർത്താവിന് വേണ്ടി സമ്പൂർണ്ണമായി സമർപ്പിച്ച് എനിക്കു ജീവിക്കുന്നത് ക്രിസ്തുവാകുന്നു, എന്നു പറയത്തക്കവണ്ണം 'കർത്താവുമായി ഏകീഭവിച്ച്, മുഴുവൻ സമയവും കർത്താവിനുവേണ്ടിപ്രവർത്തിച്ചുവന്ന പിതാവിന് എന്റെ ബാഷ്പാഞ്ജലികൾ.

---

പ്രിയപ്പെട്ട പിതാവിന്റെ ആകസ്മിക വിയോഗം വളരെയേറെ പ്രയാസമുണ്ടാക്കിയതാണ്. തിരുമേനിയുമായുള്ള വ്യക്തിപരമായ അടുപ്പം അദ്ദേഹത്തിന്റെ വ്യക്തിത്വം നന്നായി മനസ്സിലാക്കാൻ അവസരമായി. വിദ്യാഭ്യാസരംഗത്തുള്ള കാഴ്ചപ്പാടുകൾ അദ്ദേഹം കാണുമ്പോഴൊക്കെ പങ്കുവെയ്ക്കുകയായിരുന്നു. ഒടുവിൽ ഭരണിക്കാവിലെ പരിപാടിയിൽ പങ്കെടുത്തപ്പോൾ ദീർഘനേരം രാജ്യത്തിന്റെ വിദ്യാഭ്യാസ പ്രവർത്തനങ്ങളെക്കുറിച്ച് സംസാരിച്ചു. അഗാധമായ ദുഃഖവും അനുശോചനവും അറിയിക്കട്ടെ. ഏറ്റവും നല്ല ആത്മബന്ധമുള്ള ഒരു ദൈവദാസനെയാണ് നമുക്ക് നഷ്ടമായത്.

**കെ.സി. വേണുഗോപാൽ**

---

അഭിവന്ദ്യ തോമസ് മാർ അത്താനാസിയോസ് തിരുമേനിയുടെ ആകസ്മികമായ നിര്യാണത്തിൽ അഗാധമായി ദുഃഖിക്കുന്നു. ക്രൈസ്തവ സമൂഹത്തിനും പൊതുസമൂഹത്തിനും തിരുമേനി ചെയ്തിട്ടുള്ള വലിയ സേവനത്തെ നന്ദിയോടെ ഓർക്കുന്നു. സഭൈക്യ പ്രവർത്തനങ്ങളിൽ മുൻ നിരയിലുണ്ടായിരുന്ന തിരുമേനിക്ക് ദൈവം നിത്യസമ്മാനം നല്കി അനുഗ്രഹിക്കട്ടെ.

**ബിഷപ്പ് ജോസഫ് പെരുന്തോട്ടം**

# നഷ്ടം ചെങ്ങന്നൂരിന്

**സജി ചെറിയാൻ എം. എൽ.എ**

ഒരായിരം ഓർമ്മകൾ അഭി. പിതാവിനെക്കുറിച്ച് എന്റെ മനസ്സിൽ കടന്നുവരുന്നു. ആദ്യവെള്ളപ്പൊക്ക സമയത്ത് ദുരിതാശ്വാസ കേന്ദ്രത്തിൽ അരി വിതരണത്തിന് 2–ാം തീയതി ഓടിയെത്തിയതായിരുന്നു നാട്ടിൽ പങ്കെടുത്ത അവസാനത്തെ പൊതു പരിപാടി. ചികിത്സയിലായിരുന്ന പിതാവിനെ ഞാൻ നിർബന്ധിച്ചില്ല. എന്നെപ്പോലും ഞെട്ടിച്ച് ആശുപത്രിയിൽ ട്രിപ്പ് ഇട്ടിരുന്ന കാൻഡിലയുമായിട്ട് രാവിലെ ഏഴുമണിക്ക് ഒരു ക്യാമ്പിൽ പറന്നെത്തി. വിതരണ ഉദ്ഘാടനം തിരുമേനി നിർവ്വഹിച്ചു. അവസാനത്തെ ജലപ്രളയസമയത്ത് ഫോണിൽ വിളിയ്ക്കാൻ പോലും എനിക്ക് കഴിഞ്ഞില്ല. ഏതു കാര്യം പറഞ്ഞാലും ധാരാളം പോസിറ്റീവ് എനർജിയുടെ ഒരു വലിയ ഉറവിടമായിരുന്നു പിതാവ്. വീണ്ടും വീണ്ടും ആവർത്തിക്കുന്ന ഗുഡ് ഗുഡ് എന്ന പ്രതികരണം ഒരു വലിയ ശക്തി സ്രോതസ്സായിരുന്നു.

കോടിയേരി ബാലകൃഷ്ണന്റെ മകന്റെ വിവാഹത്തിന് മുമ്പ് എന്നെയും കൂട്ടിയാണ് പോയത്. ആ യാത്രയിലാണ് അഭി. തിരുമനസ്സിന്റെ വ്യക്തിത്വം ഞാൻ മനസ്സിലാക്കിയത്.

ഒരു ദിവസം പ്രഭാതത്തിൽ ഓതറ ദയറായിലേക്ക് എന്നെ വിളിച്ചു. സാധാരണ ബഥേലിലേക്കാണ് വിളിക്കുന്നത്. ഓതറയിൽ ഓടിയെത്തി അഞ്ച് ഏക്കർ സ്ഥലത്തെ കൃഷി ആവേശത്തോടെ കാണിച്ചു. ചാപ്പൽ കാണിച്ചു. പുതുതായി പണിത കബറിടവും കാണിച്ചു. ഇവിടെയാണ് എന്റെ അന്ത്യവിശ്രമം. മരണത്തെക്കുറിച്ച് ഒത്തിരി വാചാലമായി സംസാരിച്ചു. അതിന്റെ നീളവും വീതിയും അളന്നു കാണിച്ചു. ശവസംസ്കാരത്തെക്കുറിച്ചും അതിന്റെ ക്രമീകരണങ്ങളെക്കുറിച്ചും പറഞ്ഞു. നഗരികാണിക്കൽ എങ്ങനെയായിരിക്കണം ഇതെല്ലാം വിശദമായി ഒന്നര മണിക്കൂർ പറഞ്ഞപ്പോൾ, ഞാൻ അമ്പരന്നുപോയി. ഓതറയിൽ ഞാൻ കേന്ദ്രീകരിക്കുകയാണ്. ഇവിടുത്തെ കാര്യങ്ങൾ എനിക്ക് ക്രമീകരിക്കണമെന്ന് പറഞ്ഞു. സഭയെക്കുറിച്ച് അല്പം പോലും വിട്ടുവീഴ്ചയില്ലാത്ത ആളാണ്. സത്യസന്ധതയുള്ള മേല്പ്പട്ടക്കാരൻ. സഭയുടെ പ്രശ്നങ്ങൾ വരുമ്പോൾ വളരെ വേദനയോടെ ഫോണിൽ വിളിയ്ക്കും. സഭയെക്കുറിച്ച് ഇത്രയും ഉത്തമതാല്പര്യം വച്ചുപുലർത്തിയ ഒരു മേലദ്ധ്യക്ഷൻ ഉണ്ടോ എന്ന് എനിക്ക് സംശയമാണ്. സഭയ്ക്ക് പുറത്ത് എല്ലാ മതപുരോഹിതരുമായി, എല്ലാ രാഷ്ട്രീയനേതാക്കളുമായി എത്രമാത്രം ആഴമായ സൗഹൃദം വച്ചുപലർത്തി മതപുരോഹിതന് മതേതര വാദിയാകാനാകുമെന്നും അടിയുറച്ച ജനാധിപത്യ വിശ്വാസിയാകാനും ഒപ്പം രാഷ്ട്രനിർമ്മാണത്തിൽ സൂക്ഷിച്ച പ്രബുദ്ധതയും എന്നെ അതിശയിപ്പിച്ചിട്ടുണ്ട്.

വിദ്യാഭ്യാസത്തെ ഇത്രമാത്രം സൂക്ഷ്മമായി നിരീക്ഷ മഹാപുരോഹിതൻ നാടിന്റെ ഓരോ ആവശ്യങ്ങളും അപ്പപ്പോൾ വിളിച്ചു പറയും. യാത്രയിൽ ഓടയിലെ സ്ലാബു പൊട്ടി കിടക്കുന്നതു കണ്ടപ്പോൾ ഉടനെ വിളിച്ചു. ഞാൻ ശരിയാക്കി കൊടുത്തു. നമ്മുടെ നാടിന്റെ നിരപേക്ഷയ്ക്കും സൗഹാർദ്ദത്തിനും ഐക്യത്തിനും ബദ്ധശ്രദ്ധനായിരുന്നു. രാജ്യത്തെ പ്രധാനമന്ത്രി മോദി മുതൽ സംസ്ഥാന മുഖ്യമന്ത്രി പിണറായി വിജയനോടും സാധാരണ ജനപ്രതിനിധികളോടെല്ലാം കാത്തുസൂക്ഷിച്ച സൗഹൃദം. സത്യത്തിൽ എനിക്ക് ഒരു നാഥനെയാണ് നഷ്ടപ്പെട്ടത്. ഉപരി പഠനത്തിന് നിർവ്വാഹമില്ലാതെ കഴിയുന്ന അനേക വിദ്യാർത്ഥികൾക്ക് സാമ്പത്തിക സഹായം നല്കുന്നത് എനിക്ക് നേരിട്ടറിയാം. പ്രളയം വിതച്ചതിനേക്കാൾ തീവ്രമായ നൊമ്പരമാണ് ഈ വിയോഗം വഴി ചെങ്ങന്നൂർ പേറുന്നത് എന്നു ഞാൻ വിശ്വസിക്കുന്നു.





# MESSAGE

सत्यमेव जयते

## Prime Minister Messege

I Express my deep and heartfelt condolences at the untimely demise of H.G. Thomas Mar Athanasios, the Metropolitian of Chengannur Diocese of the Malankara Orthodox Syrian Church.

He will always be rembered as a great spiritual leader and selfless philanthropist whose life was message in itself. An acclaimed educationist and renowned administrator, his pioneering efforts in institution building will be remembered with gratitude by everyone. Educational institutions he founded during his long stint in Gujarat carry on his vision of unity and harmony, instilling humanitarian values in young minds.

As the revered Metropolitian of Chengannur Diocese, he led the community in the spiritual of true love of Christ by incorporating the care for marginalized communities and concern for the nature in its focus.

His demise is a great loss not just to the Malankara Orthodox Syrian Christian Community but also to wider sections of society with whom he had developed a deep connect, cutting across communities and languages. I join the bereaving community in offering my prayers for his blessed soul to attain perpetual peace with the Almighty.

New Delhi
27 August 2018

**Narendra Modi**

# ദീപ്തസ്മരണകൾ



**അഭിവന്ദ്യ തോമസ് മാർ**
**അത്താനാസിയോസ്**
1938 - 2018
























SKY SILKS






































# യിസ്രായേലിൽ ഒരു വലിയ രാജാവ് ഇന്നു വീണിരിക്കുന്നു...

**ഡോ. എം. കുര്യൻ തോമസ്**



ചെങ്ങന്നൂർ എന്ന ഭദ്രാസനവും കിഴക്കേതലയ്ക്കൽ തോമസ് മാർ അത്താനാസ്യോസ് എന്ന മെത്രാപ്പോലീത്തായും പിറവിയെടുത്തത് ഒരേ കാലത്താണ്. പുതുതായി വേർതിരിക്കപ്പെട്ട ആടുകളും പുൽമാലിയും ഇടയനോടൊപ്പം ചേർക്കപ്പെട്ടു.

ഇന്ന് മലങ്കരസഭയിൽ നവംനവങ്ങളായ പദ്ധതികൾ ആവിഷ്ക്കരിച്ച് വിജയകരമായി നടപ്പാക്കുന്ന ഏറ്റവും മികച്ച ഭദ്രാസനമാണ് ചെങ്ങന്നൂർ. അതിനേക്കാൾ ഉപരി, മലങ്കരസഭയിലെ പ്രശ്നരഹിതമായ ഭദ്രാസനവുമാണിത്.

ഇതിൻെറ കാരണം തേടി ചെല്ലുമ്പോളാണ് തോമസ് മാർ അത്താനാസ്യോസ് സീനിയർ മെത്രാപ്പോലീത്തായുടെ വിയോഗം സഭയ്ക്കുണ്ടാക്കിയ നഷ്ടം യഥാർത്ഥത്തിൽ എന്തെന്നു മനസിലാകുന്നത്. മലങ്കരസഭയ്ക്ക് നഷ്ടപ്പെട്ടത് പ്രായോഗികതയുള്ള ഒരു നിയമജ്ഞനേയും കാര്യക്ഷമതയും ദീർഘവീക്ഷണവുമുള്ള ഒരു ഭരണാധികാരിയേയും സർവോപരി ആഭിജാത്യമുള്ള ഒരു നസ്രാണിപ്രമുഖനേയുമാണ്. ഈ നഷ്ടത്തിൻെറ ആഴം ആരും മനസിലാക്കിയിട്ടില്ല. പക്ഷേ അതു മനസിലാക്കാൻ സഭയ്ക്ക് അധികം കാലം വേണ്ടിവരികയില്ല.

ആഭിജാത്യമുള്ള ഒരു നസ്രാണി എന്ന വിശേഷണം ആദ്യമെടുക്കാം. ഇന്ത്യൻ സംസ്കാരത്തിലും നസ്രാണി പൈതൃകത്തിലും തികഞ്ഞ അഭിമാനബോധം പുലർത്തിയിരുന്ന വ്യക്തിയായിരുന്നു മാർ അത്താനാസ്യോസ്. അതൊരുതരം അഹങ്കാരമായിത്തന്നെ അദ്ദേഹം കൊണ്ടുനടന്നു. അതല്ല ഇവിടെ വിഷയം.

കഴിഞ്ഞ സഭാദ്ധ്യക്ഷ തിരഞ്ഞെടുപ്പിൽ സർവദാ യോഗ്യനായിരുന്നിട്ടും അദ്ദേഹം പങ്കെടുത്തില്ല. ബൈപാസ് സർജറിക്കായി ആശുപത്രിയിൽ ആയിരുന്ന അദ്ദേഹത്തിനു പങ്കെടുക്കാൻ സാധിച്ചില്ല എന്നതാണ് യാഥാർത്ഥ്യം. അതിൽ അദ്ദേഹത്തിനു പരിഭവവും പരാതിയും ഉണ്ടെന്നു കണക്കുകൂട്ടി. അത് ആദായപ്പെടുത്താമെന്നും അവർ കണക്കുകൂട്ടി. പക്ഷേ മാർ അത്താനാസ്യോസ് ആ കണക്കുകൂട്ടലുകൾ തെറ്റിച്ചു. എതിർപ്പുകൾ ഉണ്ടായിരുന്നിട്ടും പ. പൗലൂസ് ദ്വിതീയൻ ബാവായുടെ സ്ഥാനാരോഹണത്തിനു കാപ്പയിട്ടു വി. കുർബാന ചൊല്ലി സ്ഥാനാരോഹണം നടത്തി. അതിനു ശേഷം പരുമലനിന്നും ചെങ്ങന്നൂർക്കു മടങ്ങുന്നവഴി ഈ ലേഖകനെ വിളിച്ചു പറഞ്ഞു...എടാ, ഞാൻ കാപ്പയൂരി കാപ്പി കുടിച്ചുകൊണ്ടിരുന്നപ്പോൾ ഒരു സഭാപ്രമാണി വന്നു

ചോദിച്ചു. "തിരുമേനി; നമുക്കൊരു നിയുക്തൻ വേണ്ടേ?" ഞാൻ ഒരാട്ടാട്ടി. "അങ്ങേരു കുറച്ചു കാലം കസേരയിൽ ഒന്നിരിക്കട്ടെ. എന്നിട്ടു പോരെ നിയുക്തൻ' എന്നു ഞാൻ ചോദിച്ചു... അതായിരുന്നു മാർ അത്താനാസ്യോസ്.

അഭിപ്രായ വിത്യാസങ്ങൾ ഉണ്ടായപ്പോഴൊക്കെ ഒരു സുന്നഹദോസ് അധിഷ്ഠിത (Synodical) ഭരണ സംവിധാനത്തിൽ മെത്രാൻ എന്ന നിലയിൽ തനിക്കുള്ള അധികാരവും അവകാശവും ഉപയോഗിച്ച് തൻെറ കാഴ്ചാടുകൾ മുഖത്തുനോക്കി വ്യക്തമാക്കാൻ അദ്ദേഹം മടിച്ചിരുന്നില്ല. പക്ഷേ അതു സുന്നഹദോസിൻെറ നാലു ചുവരുകൾക്കുള്ളിൽ മാത്രമായിരുന്നു. അല്ലാതെ സദസറിയാതെ കിട്ടുന്ന വേദികളിൽ അവയൊക്കെ വിളിച്ചുകൂവി സഭയെ നാണംകെടുത്താൻ അദ്ദേഹം തയാറായിരുന്നില്ല. അതിനെയാണ് ആഭിജാത്യം എന്നു വിളിക്കുന്നത്.

നസ്രാണികളുടെ ജാതിക്കുതലവന്മാരോട് പല നടപടികളിലും അഭിപ്രായവ്യത്യാസം വെച്ചു പുലർത്തിയിരുന്നു എങ്കിലും ആ സ്ഥാനമഹിമയ്ക്ക് കോട്ടം വരുത്തുവാൻ അദ്ദേഹം ഒരിക്കലും അനുവദിച്ചിരുന്നില്ല. തൻെറ അഭിപ്രായഭിന്നതകൾ സുന്നഹദോസിൽ വ്യക്തമായി പ്രകടിപ്പിക്കുമ്പോഴും ആ സ്ഥാനമഹിമയ്ക്ക് കോട്ടം വരുന്ന സംഭാഷണങ്ങൾ സുന്നഹദോസിൽപ്പോലും ഉയരാതിരിക്കാൻ അദ്ദേഹം ശ്രദ്ധിച്ചിരുന്നു. എടാ ബാവാ തിരുമേനി സഭയുടെ തലവനാണ്. അദ്ദേഹം മോശക്കാരനാകുന്നത് സഭയെ മോശമാക്കും. അതു സംഭവിക്കാൻ പാടില്ല. അദ്ദേഹത്തിനു തെറ്റുപറ്റിയാൽ തിരുത്തണം. അത് സുന്നഹദോസിൻെറ കടമ. പക്ഷേ ഇരുചെവി അറിയരുത്. ഒരിക്കൽ മാർ അത്താനാസ്യോസ് ഈ ലേഖകനോട് പറഞ്ഞതാണിത്. എനിക്കു പറയാനുള്ളത് ഞാൻ പറയും. അത് പറയേണ്ട വേദിയിൽ ഞാൻ പറഞ്ഞിട്ടുണ്ട്. അവിടെ മാത്രമേ ഞാൻ പറയൂ എന്നും അദ്ദേഹം തുറന്നടിച്ചിട്ടുണ്ട്. അഭിപ്രായഭിന്നത നിലനിൽക്കുമ്പോഴും കാഴ്ച്ചക്കുലയുമായി മാത്രം ജാതിക്കു തലവനെ സന്ദർശിക്കുന്ന അദ്ദേഹം പിന്തുടർന്നത് യഥാർത്ഥ നസ്രാണി സംസ്ക്കാരമാണ്.

സഭയുടെ കൊമ്പ് എപ്പോഴും ഉയർന്നു നിൽക്കണം എന്നാണ് മാർ അത്താനാസ്യോസ് ആഗ്രഹിച്ചിരുന്നത്. അതിന് മെത്രാന്മാർ തങ്ങളുടെ ആഭിജാത്യം നിലനിർത്തണമെന്നും അദ്ദേഹം വിശ്വസിച്ചിരുന്നു. അതേ സമയംതന്നെ സഭാദ്ധ്യക്ഷന്മാർ തങ്ങളുടെ ഇടയനടുത്ത കടമകൾ സ്വന്തം നിലയിൽ മനസിലാക്കി പ്രവർത്തിക്കണമെന്നും അദ്ദേഹം കരുതിയിരുന്നു.

മലങ്കരസഭാംഗമായ ഉമ്മൻ ചാണ്ടി ആദ്യ തവണ മുഖ്യമന്ത്രിയായി നിയോഗിതനായപ്പോൾ സത്യപ്രതിജ്ഞാ ദിനം അതിരാവിലെ മാർ അത്താനാസ്യോസ് തിരുവനന്തപുരത്ത് അദ്ദേഹത്തിൻെറ വീട്ടിലെത്തിയത് അന്നു വാർത്തയും പിന്നീട് വിവാദവുമായിരുന്നു. അതിനെപ്പറ്റി അദ്ദേഹം ഈ ലേഖകനോട് പിന്നീട് പറഞ്ഞത്: എടാ, നമ്മുടെ സഭയിൽനിന്നും ആദ്യമായി ഒരു മുഖ്യമന്ത്രി ഉണ്ടാവുകയാണ്. അയാൾക്ക് ഒരു ആശംസയും അനുഗ്രഹവും കൊടുക്കേണ്ടത് സഭയുടെ കടമയാണ്. ഇനി എന്ന് ഈ സ്ഥാനത്ത് നമ്മുടെ ഒരാൾ ഉണ്ടാകുമെന്നു ഒരു നിശ്ചയവുമില്ല. ഞാൻ അതങ്ങു ചെയ്തു. ആരും പറഞ്ഞിട്ടല്ല; എൻെറ സ്വന്തം ഇഷ്ടം. അതു ചെയ്തില്ലെങ്കിൽ ശരിയല്ല എന്നെനിക്കു തോന്നി... പിന്നീടൊരിക്കലും ഉമ്മൻ ചാണ്ടിയുടെ രണ്ടാം സത്യപ്രതിജ്ഞയ്ക്കുപോലും അദ്ദേഹം പോയില്ല എന്നതുകൂടി ചേർത്തു വായിക്കുമ്പോഴാണ് ആ സഭാ സ്നേഹത്തിൻെറയും ഇടയധർമ്മത്തിന്റെയും ആഴം മനസിലാകുന്നത്.

മെത്രാന്മാരുടെ ആഭിജാത്യത്തെക്കുറിച്ചുള്ള അതേ കാഴ്ചാടുതന്നെയാണ് കഴിഞ്ഞ ചെങ്ങന്നൂർ ഉപതെരഞ്ഞെടുപ്പു സമയം മുഖ്യമന്ത്രി പിണറായി വിജയനെ സന്ദർശിക്കാനുള്ള ക്ഷണം നിരസിക്കാനും അദ്ദേഹത്തെ പ്രേരിപ്പിച്ചത്. രാഷ്ട്രീയക്കാരെ മെത്രാന്മാർ ഹോട്ടലിൽ പോയി കാണേണ്ട ആവശ്യം സഭയ്ക്കില്ല. കാണേണ്ടത് അവരുടെ ആവശ്യമാണ്. എന്നെ ബഥേലിലോ (ആസ്ഥാനം) ഓതറയോ (വാസഗൃഹം) മുൻകൂട്ടി സമയമറിയിച്ചുവന്നാൽ ആർക്കും കാണാം. എല്ലാവരും ചെയ്യുന്നത് അതാണ്. കാണേണ്ടത് എൻെറ ആവശ്യമല്ല; അവരുടെയാണ്. ആരെയും ഞാൻ കാണാതിരിക്കില്ല എന്നു നിനക്കറിയാമല്ലോ. എന്നാണ് ഈ വിഷയത്തെപ്പറ്റി ഈ ലേഖകനോട് അദ്ദേഹം പ്രതികരിച്ചത്.

നിയമജ്ഞൻ എന്നതുകൊണ്ട് വിവക്ഷിക്കുന്നത് നിയമശാസ്ത്ര വിശാരദൻ എന്നല്ല. മറിച്ച് സ്വന്തം നിയമത്തെറ്റി ധാരണയുള്ള, അതു കൃത്യമായി പാലിക്കുകയും നടപ്പാക്കുകയും ചെയ്യുന്ന വ്യക്തി എന്ന നിലയിലാണ്. ഇക്കാര്യത്തിൽ മാർ അത്താനാസ്യോസ് സംശയലേശമെന്യെ മുൻപന്തിയിലാണ്. (സഭാ നിയമങ്ങൾ) അനുസരിച്ചാൽ സഭയിൽ ഒരു പ്രശ്നങ്ങളുമുണ്ടാകില്ല. നിയമലംഘനമാണ് എല്ലാ പ്രശ്നങ്ങളുടെയും മൂലകാരണം. റൂൾസ്

എന്താണെന്ന് നമ്മൾ മനസ്സിലാക്കണം എന്നാണ് 2018 ഏപ്രിലിൽ നടന്ന അദ്ദേഹത്തിന്റെ അശീതി ആഘോഷത്തോട് അനുബന്ധിച്ച് ചെങ്ങന്നൂർ ഭദ്രാസനത്തിന്റെ ഔദ്യോഗിക മുഖപത്രമായ ബഥേൽ പത്രികയ്ക്കുവേണ്ടി ഈ ലേഖകൻ നടത്തിയ ഇൻർവ്യൂവിൽ വ്യക്തമാക്കിയത്. തന്റെ ആളഹീയ പിതാവും മാതൃകാ പുരുഷനുമായ കിഴക്കിന്റെ മഹാനായ കാതോലിക്കാ ആയ മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമ നായിരുന്നു ഇക്കാര്യത്തിലും അദ്ദേഹത്തിന്റെ മാതൃക.

മുകളിൽ പറഞ്ഞ അഭിമുഖത്തിൽ അദ്ദേഹം വ്യക്തമാക്കിയ ഒരു വസ്തുതയുണ്ട്. ഞാൻ റോൾ മോഡൽ ആയി കാണുന്നത് പ. വട്ടക്കുന്നേൽ ബാവാ തിരുമേനിയെയാണ്. അബുദാബിയിൽ ഞാൻ വികാരിയായിരിക്കുമ്പോൾ കഷ്ടാനുഭവ ആഴ്ച നടത്തുന്നതിനായി മാത്യൂസ് പ്രഥമൻ ബാവാ എഴുന്നുള്ളി. ഒരു ദിവസം സഭാഭരണഘടന എടുത്തു കൊണ്ടുവരുന്നതിന് എന്നോട് ആവശ്യപ്പെട്ടു. ഒരു ദിവസം മുഴുവൻ ഇരുന്നു ഭരണഘടനയുടെ ഒരോ വകുപ്പും, പിന്നെയുള്ള ഓരോ ദിവസവും കൂദാശകളും എല്ലാം പഠിപ്പിച്ചു. പിന്നെ കുറെ ഉപദേശങ്ങൾ ഒക്കെ തന്നു. അവയിൽ ചിലത്; എത് കർമ്മം നടത്തിയാലും അതിൽ പൂർണ്ണമായും ഇഴുകി ചേർന്ന് നടത്തണം. കാട്ടികൂട്ടി കർമ്മം നടത്തിയാൽ ഫലകരമാകില്ല. ഏതു പ്രോഗ്രാം എവിടെ ഏറ്റിരുന്നാലും സമയത്ത് ചെന്നിരിക്കണം. ഭരണഘടന ഓരോരുത്തർക്കും ഒരോ റോൾ നൽകിയിട്ടുണ്ട്. എല്ലാവരേയും നിർത്തേണ്ടിടത്തു നിർത്തണം. അതുതന്നെയാണ് മാർ അത്താനാസ്യോസ് പ്രാവർത്തികമാക്കിയതും.

നിയമം ലൗകീകഭരണത്തിനു മാത്രമുള്ളതല്ല. അത് കൗദാശികമായ വിഷയങ്ങളെയും ബാധിക്കുന്നതാണ്. ഇക്കാര്യത്തിലും മാർ അത്താനാസ്യോസ് മാതൃക കാണിച്ചു. ഒക്കുന്നിടത്ത് ഒപ്പിക്കുന്ന കൗദാശിക അനുഷ്ഠാനങ്ങൾ അദ്ദേഹം അംഗീകരിച്ചിരുന്നില്ല. സ്വന്തമായ നിലയിൽ അദ്ദേഹം അതിനു പ്രതിവിധി കണ്ടെത്തിയിരുന്നു, മുകളിൽ പറഞ്ഞ അഭിമുഖത്തിൽ അദ്ദേഹം പറഞ്ഞ ആരാധനയിൽ വേദഭാഗങ്ങൾ വെട്ടിച്ചുരുക്കി പ്രാർത്ഥനകൾ പൂർത്തീകരിക്കാതെ പോകുന്നതിൽ മനോവിഷമമുണ്ട്. ഇതിന് പരിഹാരമായിട്ടാണ് ശവസംസ്കാര ശുശ്രൂഷയിൽ പഴയനിയമമടക്കം വേദഭാഗങ്ങൾ ഞാൻ വായിപ്പിക്കുന്നത്. ദേശീയ ഭാവങ്ങൾ സഭയുടെ സമ്പത്താണ്. തദ്ദേശീയമായ ആചാരങ്ങളും ഭാവങ്ങളും നഷ്ടപ്പെടാതെ സൂക്ഷിക്കണം എന്ന പ്രസ്താവനതന്നെ ഉദാഹരണം. ഈ ആവശ്യത്തിനായി സ്വന്തം ആനീദാ പുസ്തകത്തിന്റെ അവസാനം യുക്തമായ പഴയ നിയമഭാഗം എഴുതിയിടുകയും അത് കൃത്യമായി വായിപ്പിക്കുകയും ചെയ്ത പ്രതിബദ്ധതയെ നമിക്കണം. ഏതൊരു വിഷയത്തേയും സഭാനിയമങ്ങളോടൊപ്പം നിശിതമായ ചരിത്ര ബോധത്തോടെയാണ് മാർ അത്താനാസ്യോസ് സമീപിച്ചിരുന്നത്. ഈ യുക്തിബോധമാണ് ചെങ്ങന്നൂർ ഭദ്രാസനത്തെ പ്രശ്നരഹിതമാക്കി രൂപാന്തരപ്പെടുത്തിയത്. ഏതൊരു വിഷയത്തിലും വിദഗ്ദരുടെ സേവനം തേടാൻ അദ്ദേഹം മടിച്ചിരുന്നില്ല. അത്തരമൊരു സംഭവമാണ് ഈ ലേഖകനെ വിശ്വാസത്തിലെടുക്കാൻ മാർ അത്താനാസ്യോസിനെ പ്രേരിപ്പിച്ചത് എന്നാണ് ഈ ലേഖകന്റെ വിശ്വാസം. ചെങ്ങന്നൂർ ഭദ്രാസനത്തിന്റെ ഭൂമികയിലുള്ള ഒരു പള്ളിയെ സംബന്ധിച്ച് ആളഹീയമായ ഒരു പ്രശ്നം ഉടലെടുത്തു. അതിൽ സഭാചരിത്രപരമായ ഒരു ഘടകമുണ്ട്. അതിനെക്കുറിച്ച് ഈ ലേഖകന്റെ സുഹൃത്തായ വർഗീസ് ജോൺ തോട്ടപ്പുഴയുടെ അഭിപ്രായപ്രകാരം ഈ ലേഖകന്റെ വിദഗ്ധോപദേശം അദ്ദേഹം തേടി. എഴുതിക്കൊടുത്ത മറുപടി അദ്ദേഹം സ്വീകരിച്ചു. അതനുസരിച്ച് തീരുമാനം ഉണ്ടായി. ആ പ്രശ്നവും തീർന്നു. അതോടെയാണ് ഈ ലേഖകനെ അദ്ദേഹം അംഗീകരിച്ചത്.

നിയമജ്ഞൻ മുഖംനോക്കാതെ നീതിനിഷ്ഠമായി നടപടി എടുക്കുന്നവനായിരിക്കണം എന്നാണ് വയ്പ്. അക്കാര്യത്തിലും മാർ അത്താനാസ്യോസ് മാതൃകയാണ്. ഉന്നത സ്വാധീനമുള്ള ഒരു കത്തനാർ തന്റെ അറിവോ സമ്മതമോ കൂടാതെ കോർ എപ്പിസ്ക്കോപ്പാ സ്ഥാനം സ്വീകരിച്ച വിവരം അദ്ദേഹം അറിയുന്നത് സ്ഥാനാരോഹണ ശുശ്രൂഷയ്ക്ക് ശേഷമാണ്. എങ്കിലും നവ കോർ എപ്പിസ്ക്കോപ്പാ വീട്ടിലെത്തുന്നതിനുമുമ്പ് അദ്ദേഹത്തെ ചെങ്ങന്നൂർ ഭദ്രാസനത്തിൽ നിന്നും വിടർത്തിയ കൽപ്പന അദ്ദേഹത്തിന്റെ വീട്ടിലെത്തിച്ചു ചരിത്രം സൃഷ്ടിച്ചത് മാർ അത്താനാസ്യോസ് ആണ്. അങ്ങിനെ ചെയ്യാൻ നിയമനിഷ്ട വേണം, ധൈര്യം വേണം, സഭയോടും അതിന്റെ കീഴ്‌വഴക്കങ്ങളോടും പ്രതിബദ്ധത വേണം. അവ ഉണ്ടായിരുന്നു മാർ അത്താനാസ്യോസിന്.

ഇതിന് സഭയുടെ മുഖ്യധാരയിൽ അദ്ദേഹം നടത്തിയ വിപ്ലവകരമായ പരിഷ്ക്കാരങ്ങൾ പരി

ശോധിച്ചാൽ മതി. സുന്നഹദോസ് സെക്രട്ടറി എന്ന നിലയിൽ സുന്നഹദോസിൻെറയും ഇതര സമതികളുടേയും നടപടിചട്ടങ്ങളിൽ വരുത്തിയ പരിഷ്ക്കാരങ്ങൾ, സ്കൂൾ മാനേജർ എന്ന നിലയിൽ എം.ഡി. & കാതോലിക്കേറ്റ് സ്കൂളുകൾക്ക് ഒരു പൊതുവായ മാനേജ്മെന്റും നിയമാവലിയും ഗവേണിംഗ് ബോർഡും, എം.ഒ.സി. പബ്ലിക്കേഷന് വ്യപസ്ഥാപിതമായ ചട്ടക്കൂട് ഇവയൊക്കെ ഇതിനു ഉദാഹരണങ്ങളാണ്. ഏറ്റവും ഒടുവിൽ മെത്രാൻ തിരഞ്ഞെടുപ്പിനു വ്യക്തമായ മാർഗ്ഗരേഖ ഉണ്ടാക്കിയതും രണ്ടു തിരഞ്ഞെടുപ്പുകൾക്ക് അതനുസരിച്ചുള്ള നേതൃത്വം വിജയകരമായി വഹിച്ചതും മുഖപക്ഷമില്ലാത്ത നിയമജ്ഞനെ കണ്ടെത്താനുള്ള ശ്രോതസുകളാണ്.

കാര്യപ്രാപ്തിയും ദീർഘവീക്ഷണവുമുള്ള ഭരണധികാരി ആയിരുന്നു മാർ അത്താനാസ്യോസ്. അതിന് സ്വന്തം ഭദ്രാസനമായ ചെങ്ങന്നൂർ പരിശോധിച്ചാൽ മതി. കുറച്ചുകൂടി വ്യക്തമാക്കിയാൽ ചെങ്ങന്നൂർ ഭദ്രാസനത്തിൻെറ പ്രതിമാസ മുഖപത്രം. നവഭദ്രാസനത്തിൻെറ ചുമതല ഏറ്റയുടൻ അദ്ദേഹം ഭദ്രാസനത്തിനൊരു മുഖപത്രം ആരംഭിച്ചു ബഥേൽ പത്രിക. ആദ്യം ത്രൈമാസികം ആയിരുന്ന ബഥേൽ പത്രിക അധികം താമസിയാതെ മാസിക ആയി. മൂന്നു ദശാബ്ദത്തിലധികമായി ഒരു ലക്കം പോലും മുടങ്ങാതെ അത് ഇന്നും പ്രസിദ്ധീകരിക്കുന്നു. സഭയുടെ ഔദ്യോഗിക പ്രസിദ്ധീകരണമായ മലങ്കരസഭ ഒഴികെ മറ്റൊരു സഭാ പ്രസിദ്ധീകരണത്തിനും ഇത്തരമൊരു റിക്കാർഡ് അവകാശപ്പെടാനാവില്ല. ഇടവക പള്ളികളിലെ ജനസംഖ്യ അനുസരിച്ച് പള്ളി ട്രസ്റ്റിൽനിന്നും വാർഷിക വരിസംഖ്യ മുൻകൂർ പിഴിഞ്ഞെടുത്ത പല ഭദ്രാസന പ്രസിദ്ധീകരണങ്ങളും ഏന്തിവലിഞ്ഞോടുകയും സൗകര്യപ്രദമായി കർത്താവിൽ നിദ്ര പ്രാപിക്കുകയുമാണ് ചെയ്തത് എന്നുകൂടി ചിന്തിക്കണം. ബഥേൽ പത്രികയുടെ വിജയത്തിനു കാരണം സൂക്ഷ്മമായ മാനേജ്മെൻറ് എന്ന് ഈ ലേഖകൻ പറയും. കാരണം എപ്പോഴും തൻെറ ഭദ്രാസനത്തിലെ കഴിവുള്ള ഒരു വൈദീകനെ അദ്ദേഹം പൂർണ്ണസമയം ബഥേൽ പത്രികയുടെ ചുമതലയിൽ നിയോഗിക്കുന്നതുകൊണ്ട്. ഒരു പ്രസ്ഥാനം ആരംഭിക്കാൻ ആർക്കും കഴിയും. പക്ഷേ അതു വിജയകരമായി മുമ്പോട്ടു കൊണ്ടുപോകുവാൻ ഭരണ നിർവഹണ പാടവം വേണം. വ്യക്തിപരമായ താൽപ്പര്യങ്ങളോ ആശ്രിത വാത്സല്യമോ ഉണ്ടാകരുത്. കഴിവുള്ളവരെ കൈകാര്യകർതൃത്വം ഏൽപ്പിക്കുക, കൃതമായ മേൽനോട്ടം നടത്തുക എന്നത് അടിസ്ഥാനപരമായ ഭരണനിർവഹണ വൈദഗ്ദ്യമാണ്. അത് മാർ അത്താനാസ്യോസിനു ഉണ്ടായിരുന്നു. തൽക്കാലം ഈയൊരൊറ്റ ഉദാഹരണം മതി.

ഒരു ഭരണധികാരി വിജയിക്കണമെങ്കിൽ സ്വന്തം പൈതൃകത്തേയും പാരമ്പര്യത്തേയും കുറിച്ച് അവബോധവും അഭിമാനവും ഉണ്ടാകണം. ഇവ രണ്ടും മാർ അത്താനാസ്യോസിന് ഉണ്ടായിരുന്നു. പുത്തൻകാവ് കിഴക്കേതലയ്ക്കൽ തോമ്മാ കത്തനാരുടെ കൊച്ചുമകനും പുത്തൻകാവിൽ കൊച്ചുതിരുമേനി എന്ന മാർ പീലക്സീനോസ് മെത്രാപ്പോലീത്തായുടെ സഹോദര പുത്രനുമായിരുന്ന മാർ അത്താനാസ്യോസ് ആ പൈതൃകവും ആഭിജാത്യവും ഒരിക്കലും മറന്നിരുന്നില്ല. എടാ ഇതൊന്നും കുടുംബത്തു പിറന്നവർക്കു പറഞ്ഞിട്ടുള്ളതല്ല... എന്നു സഭയിലെ പല വിഷയങ്ങളേപ്പറ്റിയും ഈ ലേഖകനോട് അദ്ദേഹം സൂചിപ്പിച്ചിട്ടുണ്ട്. തികച്ചും സ്വകാര്യമായ ഈ സംഭാഷണങ്ങളുടെ ഉള്ളടക്കം തൽക്കാലം വെളിപ്പെടുത്താൻ സാദ്ധ്യമല്ല.

മലങ്കര സഭയുടെ പൈതൃകത്തെപ്പറ്റിയും ചരിത്രത്തെപ്പറ്റിയും തികഞ്ഞ അവബോധം മാർ അത്താനാസ്യോസിന് ഉണ്ടായിരുന്നു. ആ ചരിത്രബോധമാണ് മലങ്കരയുടെ മഹാചരിത്രകാരനായ ഇസഡ്. എം. പാറേട്ടിൻെറ സമ്പൂർണ്ണ സഭാചരിത്ര രചനകളുടെ പുനഃപ്രസിദ്ധീകരണം നടത്താൻ അദ്ദേഹത്തെ പ്രേരിപ്പിച്ചത്. എടാ, എന്തു ചിലവായാലും നമുക്കത് പ്രസിദ്ധീകരിക്കണം. അതൊരു മുതലാണ്. നശിച്ചുപോകാൻ ഇടയാകരുത്. ലാഭനഷ്ടങ്ങൾ കണക്കാക്കേണ്ട. എം.ഒ.സി. പബ്ലിക്കേഷനുവേണ്ടി ഇവ പുനഃപ്രസിദ്ധീകരിക്കുന്നതിൻെറ ചുമതല ഏൽപ്പിച്ചുകൊണ്ട് ഈ ലേഖകനോട് പറഞ്ഞ വാക്കുകളാണിവ.

## ദിവ്യബോധനം സെമിനാർ

ബഥേൽ അരമനയിൽ ഒക്ടോബർ 13 ശനിയാഴ്ച 9:30-ന് ഫാ. ഗീവറുഗീസ് ജോൺ നേതൃത്വം നല്കും. ദൈവജനം (POCE) ആധുനിക ഭാരത സഭ (DOCE) എന്നീ ഗ്രന്ഥങ്ങളാണ് പഠന വിഷയം.

# പ്രളയത്തിന്റെ ബാക്കിപത്രം

സിബി മത്തായി
(ഭദ്രാസന കൗൺസിൽ അംഗം)

കേരളം മുഴുവൻ വിറങ്ങലിച്ച ദിനങ്ങൾ പമ്പയും അച്ചൻകോവിലും മണിമലയും പെരിയാറും വരട്ടാറും അക്ഷരാർത്ഥത്തിൽ രൗദ്രഭാവം പൂണ്ട് ആർത്തലച്ച് സംഹാരതാണ്ഡവം ആടിയ നാളുകൾ. മരണം മുഖാമുഖം കണ്ട ഭീകര ദിനങ്ങൾ. ബംഗാൾ ഉൾക്കടലിൽ ഒഡീഷാ തീരത്തുണ്ടായ ന്യൂനമർദ്ദമാണു കേരളത്തിൽ മഴ ഇത്രയേറെ ശക്തമാക്കിയത്. ശക്തമായ ന്യൂനമർദ്ദം മൂലം കാറ്റിന്റെ ശക്തി വർദ്ധിച്ചു. ഇതോടെയാണ് അതിതീവ്ര മഴ പെയ്തത്. സംസ്ഥാനത്താകെ 30% അധികമഴ ലഭിച്ചെന്നാണു പ്രാഥമിക വിലയിരുത്തൽ.



സാധാരണ ഗതിയിൽ രണ്ടാഴ്ച ഇടവിട്ടായിരിക്കും ന്യൂനമർദ്ദം രൂപപ്പെടുന്നത്. എന്നാൽ, ഇത്തവണ ഒന്നിനു പിന്നാലെ ഒന്നായി ന്യൂനമർദ്ദം രൂപപ്പെട്ടതാണ് ഈ നൂറ്റാണ്ടിലെ ഏറ്റവും വലിയ വെള്ളപ്പൊക്കത്തിനു കാരണമായത്. മഴ കുറയാൻ അവസരമുണ്ടായില്ല. മുപ്പതുമുതൽ അറുപതു ദിവസം വരെ ഇടവിട്ട്, മഴയുടെ ശക്തി കൂടിയും കുറഞ്ഞും വരുന്ന ഈ പ്രതിഭാസത്തെ മാഡൻ ജൂലിയൻ ഓസിലേഷൻ (എംജെഒ) എന്നാണു പറയുന്നത്. ന്യൂനമർദത്തിനു പുറമേ ഈ വർഷമുണ്ടായ സൂര്യനിമ്നം (സോളർ മിനിമം) എന്ന പ്രതിഭാസവും കേരളത്തിലെ കനത്ത മഴയ്ക്കു കാരണമായതായി വിദഗ്ദ്ധർ ചൂണ്ടിക്കാട്ടുന്നു. സൂര്യനിൽ നിന്നുള്ള പ്രസരണങ്ങൾ ഏറ്റവും ദുർബലമാകുന്ന സമയമാണിത്. ഇതിന്റെ ഫലമായി ഭൂമിയിലേക്കുള്ള കോസ്മിക് രശ്മികളുടെ അളവുകൂടി. 'എൽ നിനോ' ഇല്ലാതായി. കേരളത്തിൽ ഇതിനു മുൻപത്തെ ഏറ്റവും വലിയ പ്രളയമായ 1924 സൂര്യനിമ്ന വർഷമായിരുന്നു.

ഭരണകൂടം പകച്ചു. എല്ലാം നഷ്ടപ്പെട്ടുവെന്നറിഞ്ഞ് ജനം മരണം കാത്തുനില്ക്കുന്ന നിർണ്ണായക നിമിഷത്തിൽ ഞങ്ങൾ കടലിന്റെ മക്കൾ എന്നു പരിചയപ്പെടുത്തി വള്ളങ്ങളിലേക്ക് ഓരോ ജീവനെയും എടുത്തുവച്ച് രക്ഷാദൗത്യം നടത്തിയ മത്സ്യതൊഴിലാളികൾ. രക്ഷാപ്രവർത്തനത്തിനിടെ ഉയരമുള്ള വള്ളത്തിലേക്ക് കയറാനാവാതെ നിന്ന സ്ത്രീയ്ക്ക് ചവിട്ടിക്കയറാൻ വള്ളത്തിൽ കുനിഞ്ഞിരുന്നു സ്വന്തം പുറം കാണിച്ചുകൊടുത്ത ജെയ്സൽ എന്ന യുവാവിന്റെ മുഖം കേരളത്തിനു മറക്കാനാവില്ല. പ്രകൃതിയെ അറിഞ്ഞു ജീവിക്കുന്നവരാണ് മത്സ്യത്തൊഴിലാളി സമൂഹം. അവർക്ക് കടലിന്റെ താളമറിയാം. വെള്ളത്തിന്റെ ശക്തിയറിയാം. വെള്ളത്തോട് എങ്ങനെ പെരുമാറണമെന്ന് അറിയാം. പ്രകൃതി കോപിക്കുമ്പോൾ അവർ സ്വയം സജ്ജരാകുന്ന കാഴ്ചയാണ് കഴിഞ്ഞ നാളുകളിൽ കേരളം കണ്ടത്. സുനാമിയും ഓഖിയുമൊക്കെ നേരിട്ട സമൂഹത്തിന്റെ പ്രതിനിധികളാണിവർ. മഴ വന്നാലും പോയാലും ഇവരുടെ വീടുകളിലേക്ക് കെടുതികൾ വിരുന്നിനുണ്ടാകും. തിരകളോടെ പടവെട്ടി തിരിച്ചെത്തുന്നത് വെറും കൈയ്യോടെയാകും. ദാരിദ്ര്യം കൂടെപ്പിറപ്പാണ്.

അവർക്ക് സ്വപ്നങ്ങളില്ല. അദ്ധ്വാനിക്കാനുള്ള ആവേശം മാത്രം. രക്ഷാബോട്ടിൽ തുഴഞ്ഞെത്തിയവരെ ദൈവത്തെ നേരിൽ കണ്ട അനുഭവമായിരുന്നു. മത്സ്യത്തൊഴിലാളികളെ വാനോളം പുകഴ്ത്തുവാനല്ല. അവരുടെ ഇല്ലായ്മകളെ മനസ്സിലാക്കാനും അവരുടെ ജീവിതം മെച്ചപ്പെടുത്തുവാനും മലയാളി സമൂഹത്തിനു കടമയുണ്ട്. കടപ്പാടുണ്ട്.

2018-ലെ ജലപ്രളയം ചരിത്രത്താളുകളിൽ ശേഷിപ്പിക്കുന്നത് മറ്റൊരു മഹാവിയോഗം കൂടിയാണ്. നമ്മുടെ ആത്മീയ പിതാവിന്റെ വേർപാട് മലങ്കര സഭയിൽ മാത്രമല്ല മലയാള നാട്ടിലും ഗുജറാത്ത് സംസ്ഥാനത്തും വിദ്യയുടെ വെളിച്ചം പകർന്ന് കാലത്തിന്റെ സ്പന്ദനങ്ങളെ നെഞ്ചോട് ചേർത്തുവച്ച് യാത്രാവേളയിൽ കാലം ചെയ്ത അത്താനാസിയോസ് തിരുമേനിയുടെ പേരു പോലെ ജീവിതവും അമരത്വം കൂട്ടിക്കലർത്തിയതാണ്.

# കുരുത്തോലയുമേന്തിയ വിശുദ്ധരോടൊപ്പം

**മറിയാമ്മ ചാക്കോ താഴുമ്പാൽ**
മർത്ത മറിയം സമാജം കേന്ദ്ര ജോ. സെക്രട്ടറി

മഹാകവി വള്ളത്തോൾ "നമ്മുടെ മറുപടി" എന്ന കവിതയിൽ പാടുന്നു.

*എത്തേണ്ടതാമിടത്തെത്തിയാലും ശരി*
*മദ്ധ്യേ മരണം വിഴുങ്ങിയാലും ശരി*
*മുന്നോട്ടു തന്നെ നടക്കും*
*വഴിയിലെ മുള്ളുകളൊക്കെ ചവിട്ടി മെതിച്ചു ഞാൻ*
*പിന്നാലെ വന്നിടും പിഞ്ചുപാദങ്ങൾക്കു*
*വിന്യാസവേളയിൽ വേദന തോന്നൊലാ.*

അവസാന ശ്വാസം വരെയും കർമ്മരംഗത്തു നിറഞ്ഞു നിന്ന അഭി. അത്താനാസിയോസ് തിരുമേനിയുടെ ജീവിതത്തോടും ദർശനങ്ങളോടും ഈ വരികൾ വളരെ ബന്ധപ്പെട്ടിരിക്കുന്നു. പിന്നാലെ വന്നിടും പിഞ്ചു പാദങ്ങൾക്കു വേദന തോന്നാതിരിക്കാൻ പിതാവ് ബദ്ധശ്രദ്ധനായിരുന്നു. ദൈവത്തിന് ഒരു കാര്യവും അസാദ്ധ്യമല്ല എന്ന ദൈവവചനം ഹൃദയഭിത്തിയിൽ കുറിച്ചുവച്ച പിതാവിന്റെ ശുശ്രൂഷാകാലയളവിൽ ചെങ്ങന്നൂർ ഭദ്രാസന മർത്തമറിയം സമാജത്തിന്റെ പ്രാരംഭ ദശയിൽ കാര്യദർശി എന്ന ചുമതല തുടർച്ചയായ 2 ടേം നിർവ്വഹിക്കാൻ എനിക്ക് ഭാഗ്യം ലഭിച്ചു. വനിതാസമാജ പ്രവർത്തനങ്ങൾക്ക് അക്കാലത്ത് തിരുമേനി നല്കിയ ചടുലമായ ചുവടുകൾ ഓരോ ഇടവകയിലും ആത്മീയ നവോത്ഥാനത്തിന് വഴിതെളിയിച്ചു. അമ്മമാർ പ്രബുദ്ധരായാൽ അടുത്ത തലമുറ പ്രബുദ്ധരാകും എന്നതായിരുന്നു തിരുമേനിയുടെ കാഴ്ചപ്പാട്. ഒരു സമ്മേളനത്തിൽ അഭി. തിരുമേനി പറഞ്ഞ സംഭവം ഞങ്ങളുടെ മനസ്സിൽ നിറഞ്ഞു നില്ക്കുന്നു. വൈദീകനായി ബറോഡാ സ്കൂളിന്റെ തലപ്പത്ത് പ്രവർത്തിക്കുമ്പോൾ എൽ.കെ.ജിയിലെ ഒരു കുട്ടിയുടെ വയർ ഒഴിഞ്ഞു. ഭയന്ന് വിറച്ച് കരയുന്ന കുട്ടിയെ എന്തു ചെയ്യണമെന്ന് അറിയാതെ ആയമാർ ആശങ്കപ്പെട്ടിരിക്കുമ്പോൾ ഫാദർ ആ കുട്ടിയെ ടോയിലറ്റിൽ കൊണ്ടുപോയി അമ്മമാരെപ്പോലെ കഴുകി വൃത്തിയാക്കി നിക്കറും കഴുകി ഇടുവിച്ചു. കറങ്ങുന്ന കസേരയിൽ ഭ്രമണം ചെയ്യുന്ന ഒരു പ്രിൻസിപ്പലായിരുന്നില്ല ഫാദർ കെ. റ്റി. തോമസ്. ആയമാർ ചെയ്യേണ്ട പണി ചെയ്യുന്നതിൽ തനിക്ക് ഒരു മടിയുമില്ലായിരുന്നു. കൃത്യനിഷ്ഠയുടെ നല്ല പാഠങ്ങൾ തിരുമേനിയിലൂടെ നമുക്ക് ഗ്രഹിക്കാനാവും.

നാളെ ചെയ്യേണ്ടത് ഇന്നു ചെയ്യുക, ഇന്നു ചെയ്യേണ്ടത് ഇപ്പോൾ ചെയ്യുക ഇത് അദ്ദേഹത്തിന്റെ ജീവിത പ്രമാണമായിരുന്നു. ആത്മീയ പ്രസ്ഥാനങ്ങളുടെ എല്ലാം തലപ്പത്ത് ഇരുന്ന് സംഘടനാ ശേഷി കാര്യക്ഷമമാക്കുവാൻ സഹായകമായ ഒത്തിരി കാര്യങ്ങൾ അക്കാലയളവിൽ ഞങ്ങൾ മനസ്സിലാക്കി.

ഒരിക്കൽ ഞാനെഴുതിയ റിപ്പോർട്ട് ബുക്ക് പരിശോധിച്ച ശേഷം കയ്യക്ഷരം ഇഷ്ടപ്പെട്ടു. ഒരു പട്ടംകൊട പുസ്തകം എന്റെ കയ്യിൽ തന്നു. പകർത്തിയെഴുതാനുള്ള ബുക്കും പേനയും തന്നു. ചുരുങ്ങിയ സമയം കൊണ്ട് പകർത്തി എഴുതി നല്കുവാനുള്ള ഭാഗ്യം എനിയ്ക്കുണ്ടായി.



# വിദ്യാർത്ഥി ലോകത്തിന്റെ ഉപാസകൻ

**ഫാ. തോമസ് കൊക്കാപ്പറമ്പിൽ**

അനിതര സാധാരണമായ വ്യക്തിത്വത്തിന്റെയും, അകമഴിഞ്ഞ ആത്മാർത്ഥതയുടെയും, അവിസ്മരണീയമായ ആവിഷ്കാരങ്ങളുടെയും അത്ഭുതകരമായ ദൈവകൃപയുടെയും ആൾരൂപമായിരുന്നു അഭി. അത്തനാസിയോസ് തിരുമേനി എന്നു പറയുന്നതിൽ അതിശയോക്തിയില്ല. കടന്നുവന്ന കനൽ വഴികളിൽ ദൈവസ്നേഹത്തിന്റെയും മതേതരത്വത്തിന്റെയും മാനവീകതയുടെയും സന്ദേശവാഹകനായി, ആരാധനയെ ആത്മാവിൽ സ്വാംശീകരിച്ച മഹീതാചാര്യൻ ആയുസിൽ പിന്നിട്ട 80 സംവത്സരങ്ങൾ ധന്യമാണ്. വാക്കും പ്രവർത്തിയും തമ്മിൽ അധികം അന്തരം അരുതെന്ന ഉത്തമബോധ്യം ഉയർത്തിപ്പിടിച്ച് ദൈവം ചൊരിഞ്ഞ താലന്തുകളെ ശ്രദ്ധയോടെ വ്യാപാരം ചെയ്ത് തേജസ്വിയായി തീർന്ന തിരുമനസ്സ് വരുംതലമുറയ്ക്ക് പകർത്താനുള്ള പാഠമാണ്.

ശിഷ്യഗണം തന്നെക്കാൾ ഉയരണം എന്ന താല്പര്യത്തോടെ ഇളംതലമുറയുടെ നന്മകളെ പ്രോജ്ജ്വലിപ്പിക്കുവാൻ അവരെ ചേർത്തു നിർത്തി പറഞ്ഞുകൊടുത്തും പരിശീലിപ്പിച്ചും ആത്മീയ രംഗത്തും, ഭൗതിക ലോകത്തും അനേകം ഉത്തമവ്യക്തിത്വങ്ങളെ വാർത്തെടുത്ത് സമൂഹത്തിനു വളമായിത്തീർന്ന ശ്രേഷ്ഠ ഗുരു- വിദ്യാർത്ഥികളുടെ ഉന്നമനത്തിനായി ആവിഷ്കരിച്ച അനേക നൂതന പദ്ധതികൾ ഉണ്ട്. അവയോടൊക്കെ ചേർന്നു പ്രവർത്തിക്കുവാൻ കഴിഞ്ഞ നാളുകളിൽ സാധിച്ചതിൽ ചാരിതാർത്ഥ്യമുണ്ട്. "വിദ്യാധനം സർവ്വധനാൽ പ്രധാനം" എന്ന ആർഷഭാരത സംസ്കൃതി ജീവിതത്തിൽ പകർന്നു നല്കിയ തിരുമേനി വിവിധ തലത്തിലുള്ള കുട്ടികൾക്കായി ഏർപ്പെടുത്തിയ പദ്ധതികൾ വളരെയാണ്. "യഹോവാഭക്തി ജ്ഞാനത്തിന്റെ ആരംഭമാകുന്നു" എന്ന വേദപുസ്തക ഉദ്ധരണി ഉരുവിട്ടുകൊണ്ട് കുരുന്നുകൾക്ക് "പെന്തക്കോസ്തി ദിനം" ആദ്യാക്ഷരം കുറിക്കൽ ചടങ്ങു നിർവ്വഹിക്കുന്നു. പരിശുദ്ധ യോഹന്നാൻ സ്നാപകന്റെ ജന്മദിനം "ശിശുദിനമായി" ഭദ്രാസന തലത്തിൽ ആരംഭിച്ചു ഇന്ന് സഭ മുഴുവൻ ഏറ്റെടുത്തു നടപ്പിലാക്കി വരുന്നു. സ്കൂൾ വർഷാരംഭത്തിന് തൊട്ടു മുമ്പു ഇടവക തലത്തിൽ "വിദ്യാ ജ്യോതി" ക്ലാസ് ഏർപ്പെടുത്തി. അതിനായി പ്രത്യേകം പരിശീലനം അദ്ധ്യാപകർക്കു നല്കി.

ദൈവഭക്തി, ഗുരുഭക്തി, ആർഷഭാരത സംസ്കാരം ഇവയിൽ വേരൂന്നിയ ക്രിസ്തീയ ദർശനമുള്ളവരായി നമ്മുടെ വിദ്യാർത്ഥികൾ വളർന്നുവരണം എന്ന ലക്ഷ്യത്തോടെ വിദ്യാഭ്യാസ വർഷാരംഭത്തിൽ ഭദ്രാസന ആസ്ഥാനത്ത് "ഗുരുവന്ദനം" പരിപാടി ആവിഷ്കരിച്ചു. ഭദ്രാസനത്തിലെ മുഴുവൻ വിദ്യാർത്ഥികളും ശ്രേഷ്ഠ ഗുരുവായ തിരുമേനിയുടെ അനുഗ്രഹത്തോട് പുതുവർഷം ആരംഭിക്കുന്നു.

തിരുമേനിയുടെ സപ്തതിയോടനുബന്ധിച്ച് പഠിക്കുവാൻ സമർദ്ധരും സാമ്പത്തിക ഭാരം അനുഭവിക്കുന്നവരും ഉപരിപഠനത്തിനായി തയ്യാറെടുക്കുന്നവരുമായ കുട്ടികൾക്കായി അദ്ദേഹം സ്വയമായി ഏർപ്പെടുത്തിയിട്ടുള്ളതാണ് തോമസ് മാർ അത്തനാസിയോസ് സപ്തതി സ്മാരക പലിശരഹിത ലോൺ സ്കോളർഷിപ്പ്. ഇത് വിദ്യാർത്ഥികളുടെ ജീവിത ദർശനങ്ങളെ ഉത്ജീവിപ്പിക്കുന്നതിനും, അവർക്കു ദിശാബോധം നല്കുന്നതിനും ഇടയായി 10-ാം ക്ലാസ്സ് പഠനം പൂർത്തീകരിച്ച കുട്ടികൾക്കായി "വ്യക്തിത്വ വികസനമാർഗ്ഗനിർദ്ദേശ ക്ലാസ് എല്ലാ വർഷവും അവധിക്കാലത്ത് തിരുമേനി നടത്തിവരുന്നു. ഭദ്രാസന കൺവൻഷനോടനുബന്ധിച്ച് ആ പകൽ അവർക്കായി പ്രത്യേകം വേർതിരിച്ചു പരിശീലനം നടത്തിവരുന്നു.

കുട്ടികളുടെ ഇടയിൽ മൂല്യച്യുതി സംഭവിക്കുന്നുണ്ടോ എന്ന് തിരുമനസ്സുകൊണ്ട് ശ്രദ്ധിക്കുകയും കാലീക പ്രസക്തമായ വിഷയങ്ങളിൽ പ്രാഗൽഭ്യം നേടിയിട്ടുള്ളവരെ വരുത്തി അവർക്കായി ക്ലാസ്സുകൾ നല്കുകയും ചെയ്തുവരുന്നു.

വാർദ്ധക്യത്തിന്റെ നാളുകളിലും ശൈശവത്തിന്റെ നിർമ്മലതയോടും, ബാല്യത്തിന്റെ നിഷ്കളങ്കതയോടും യൗവ്വനത്തിന്റെ പ്രസരിപ്പോടും ഒരു ആയുസ്സ് പൂർത്തീകരിച്ച തിരുമനസ്സിന്റെ അവിചാരിത വേർപാട് തലമുറക്കു താങ്ങാവുന്നതിലുമപ്പുറമാണ്. അജഗണത്തെ സേവിച്ച് ആത്മീയ നിർവൃതിയിൽ അരുമ പിതാവിനു തിരുമുൽക്കാഴ്ചയായി ശോഭിച്ച "മലങ്കരയുടെ പ്രൗഢ തേജസി" അമരണനായി വിദ്യാർത്ഥി ലോകത്തിന് എന്നും മദ്ധ്യസ്ഥനായിരിക്കും.



# പറയാതെ ബാക്കി വച്ചത്...

**വർഗീസ് ജോൺ തോട്ടപ്പുഴ**

"തിരുമേനി, എത്യോപ്യൻ സഭയിൽ രണ്ടു കക്ഷികൾ ഉണ്ടായിരുന്നു. അവർ ഇപ്പോൾ ഒന്നായി. എറിത്രിയാക്കാരും വൈകാതെ ഒന്നായേക്കും. നമുക്കു മാത്രം ഇതൊന്നും പറ്റുന്നില്ലല്ലോ..." എന്നു പറഞ്ഞപ്പോൾ "എനിക്കറിയാം. നമുക്കു പിന്നീട് വിശദമായി സംസാരിക്കാം" എന്നു മറുപടി പറഞ്ഞു. 2018 ജൂലൈ 31-ന് ചെങ്ങന്നൂർ ഭദ്രാസനത്തിലെ സഭാദിനപിരിവു ശേഖരണത്തിനായി കൂടിയ യോഗത്തിനു ശേഷം "ബഥേൽ പത്രികയിൽ ഇതിനെപ്പറ്റി എഴുതാനാഗ്രഹിക്കുന്നു" എന്നു കൂടി പറഞ്ഞാണ് പിരിഞ്ഞത്. ഇത് അവസാന കാഴ്ചയാകുമെന്ന് പ്രതീക്ഷിച്ചില്ല. ആ ലേഖനത്തോടു കൂടിയ 2018 ഓഗസ്റ്റ് ലക്കം ബഥേൽ പത്രിക എത്യോപ്യൻ സഭയിലെ ഐക്യം ചൂണ്ടിക്കാട്ടി അവസാനിപ്പിക്കുന്ന തിരുമേനിയുടെ ഇടയ ലേഖനത്തോടു കൂടിയാണ്. അതദ്ദേഹത്തിന്റെ അവസാനത്തെ ഇടയലേഖനമായിരുന്നു; അന്ത്യാഭിലാഷവും.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയിൽ ശാശ്വതമായ സമാധാനവും അനുരഞ്ജനവും യോജിപ്പും ഉണ്ടാകണമെന്ന് ആഗ്രഹിച്ചിരുന്ന പിതാവാണ് തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്താ. ഇക്കാര്യത്തിൽ പിതൃസഹോദരൻ 1951-ൽ കാലം ചെയ്ത പുത്തൻകാവ് ഗീവർഗീസ് മാർ പീലക്സീനോസ് മെത്രാപ്പോലീത്തായുടെ നിലപാടു തന്നെയായിരുന്നു അദ്ദേഹത്തിനും.

മലങ്കരസഭയിലെ ശാശ്വത സമാധാനം എന്ന ആശയം തിരുമേനിക്ക് പുതുതായി ഉണ്ടായതല്ല. 1998-ൽ അദ്ദേഹത്തിന്റെ ഷഷ്ഠിപൂർത്തിയോടനുബന്ധിച്ച് നടത്തിയ അഭിമുഖത്തിൽ "സഭയിൽ അനുരഞ്ജനം" എന്ന ചോദ്യത്തിനു മറുപടിയായി അദ്ദേഹം പറഞ്ഞു : "രണ്ടു വിഭാഗങ്ങളായി ഒരു വിശ്വാസം ഏറ്റുപറയുന്ന സഭ ഭാരതത്തിൽ ഭിന്നിച്ചു നിൽക്കുന്നതു നല്ലതല്ല. 1934-ലെ സഭാഭരണഘടനയുടെ അടിസ്ഥാനത്തിൽ സഭയുടെ സ്വാതന്ത്ര്യത്തിനോ കാതോലിക്കേറ്റിനോ യാതൊന്നും സംഭവിക്കാതെയുള്ള അനുരഞ്ജനം ഉണ്ടാകണം. സഭയിൽ വിഘടിത ഗ്രൂപ്പുകൾ ഉണ്ടാകരുത്." (ഫാ. ജോൺ തോമസ് കരിങ്ങാട്ടിൽ, മലങ്കര സഭാദീപം, 1998 മാർച്ച് 16 - 31). "മറുഭാഗത്തു നിന്നു വരുന്നവരെ അനുഭാവപൂർവം അംഗീകരിക്കുവാൻ നാം തയ്യാറാകണം. അവരെ അവഹേളിക്കുന്ന വാക്കോ നോട്ടമോ നടപടിയോ ഉണ്ടാകാൻ പാടില്ല." എന്ന് തിരുമേനി പറയുമായിരുന്നു.

1995-ലെ സുപ്രീം കോടതി വിധിയെ തുടർന്നുള്ള അനുരഞ്ജന ചർച്ചകളിൽ ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായുടെ നിലപാടു തന്നെയായിരുന്നു അദ്ദേഹത്തിന്. സുപ്രീം കോടതി നിരീക്ഷകന്റെ സാന്നിദ്ധ്യത്തിൽ 2002-ൽ പരുമലയിൽ കൂടിയ മലങ്കര അസോസിയേഷൻ വേളയിൽ അന്നു പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസ് സെക്രട്ടറിയായിരുന്ന തിരുമേനി സഭാ യോജിപ്പിനു വേണ്ടി പരിശ്രമിച്ചിരുന്നു.

2014 മാർച്ച് 31-നു പരിശുദ്ധ ഇഗ്നാത്തിയോസ് അപ്രേം ദ്വിതീയൻ ബാവ അന്ത്യോഖ്യാ പാത്രിയർക്കീസ് ആയി തെരഞ്ഞെടുക്കപ്പെട്ടതിനു തൊട്ടുപിന്നാലെ അദ്ദേഹവുമായി നടത്തിയ ഫോൺ സംസാരത്തിലും തിരുമേനി തന്റെ നിലപാട് വ്യക്തമാക്കി. അതിന് പാത്രിയർക്കീസ് ബാവായും അനുകൂലമായിരുന്നു എന്നാണറിയുന്നത്. സിറിയക് ഓർത്തഡോക്സ് സഭയുടെ ഈസ്റ്റേൺ യുണൈറ്റഡ് സ്റ്റേറ്റ്സ് ആർച്ചുബിഷപ്പായിരുന്ന മാർ കൂറീലോസ് അപ്രേം കരിം മെത്രാപ്പോലീത്തായുമായി നമ്മുടെ തിരുമേനി ഡോ. തോമസ് മാർ മക്കാറിയോസ് മെത്രാപ്പോലീത്താ മുഖേന പരിചയപ്പെട്ടിരുന്നു. ഈ ഫോൺ സംഭാഷണത്തിൽ പരസ്പരം പറഞ്ഞ കാര്യങ്ങൾ തിരുമേനി പലവട്ടം എന്നോടു പറഞ്ഞിട്ടുണ്ട്. ഇതു ബഥേൽ പത്രികയിൽ പ്രസിദ്ധീകരിക്ക

ണമെന്ന് ഞാൻ അഭ്യർത്ഥിച്ചിരുന്നു. ആകാമെന്നു ആദ്യം സമ്മതിച്ചിരുന്നു. "സംഭാഷണം നടന്ന തീയതി കണ്ടുപിടിച്ച് എന്റെ ഡയറിയിൽ എഴുതിയിടാം" എന്നാണ് അവസാനം പറഞ്ഞത്. ഇനിയും കാണുമ്പോൾ അനുവാദം വാങ്ങി ഓഡിയോ റെക്കോർഡിംഗ് നടത്താമെന്ന് ആഗഹിച്ചിരുന്നു; അതിനുള്ള അവസരം ലഭിച്ചില്ല.

2017 ജൂലൈ മൂന്നിലെ സുപ്രിം കോടതി വിധിയ്ക്കു ശേഷം മലങ്കര സഭയുടെ ഐക്യം യാഥാർത്ഥ്യമാകുമെന്ന് അദ്ദേഹം പ്രതീക്ഷിച്ചു. തിരുമേനി തന്നെ മുൻകൈയെടുത്ത് യോജിക്കേണ്ടും സമയമിതാ... (എഡിറ്റർ: ഡോ. എം. കുര്യൻ തോമസ്, എംഒസി പബ്ലിക്കേഷൻസ്, 2017) എന്ന ഒരു പുസ്തകം പ്രസിദ്ധീകരിച്ചു. തിരുമേനിയുടെ അവതാരിക ശ്രദ്ധേയമാണ്. 1934ലെ സഭാഭരണഘടന ഇടവകപ്പള്ളികളുടെ സ്വാതന്ത്ര്യത്തെ ഹനിക്കുന്നതല്ലെന്ന് അദ്ദേഹം ഇതിലൂടെ സമർത്ഥിച്ചു.

ഇക്കാര്യത്തിൽ സഭയുടെ പ്രഖ്യാപിത ഔദ്യോഗിക നിലപാടു തന്നെയായിരുന്നു അദ്ദേഹത്തിനും. പരിശുദ്ധ ബാവാ തിരുമേനിയുടെ കൽപനയും (നമ്പർ 185/11-07-2017) 2018 ഫെബ്രുവരിയിലെ പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസിന്റെ പ്രസ്താവനയും ആണല്ലോ സഭയുടെ യഥാർത്ഥ നിലപാട് വ്യക്തമാക്കുന്നത്. പരിശുദ്ധ ബാവാ തിരുമേനി പ്രകടിപ്പിച്ച വ്യവഹാരരഹിത സഭ എന്ന സ്വപ്നം സ്നേഹത്തിൽ കൂടി നേടിയെടുക്കണമെന്നായിരുന്നു തിരുമേനിയുടെ നിലപാട്. സുപ്രീം കോടതിവിധിയിൽ പറയുന്നതനുസരിച്ച് മറുകക്ഷിയുമായി അനുരഞ്ജന ചർച്ച വേണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു. പരിശുദ്ധ അപ്രേം ദ്വിതീയൻ ബാവ രണ്ടു തവണ (2015, 2018) കേരളത്തിലെത്തിയപ്പോഴും സഭ നിയോഗിച്ചിരുന്നെങ്കിൽ ചർച്ചയ്ക്കു പോകാൻ തിരുമേനി സന്നദ്ധനായിരുന്നു. "പ. പാത്രിയർക്കീസ് ബാവായുമായി അനൗപചാരികമായി ചർച്ച നടത്തിക്കൂടേ" എന്ന് ഒരിക്കൽ ചോദിച്ചപ്പോൾ "പ. കാതോലിക്കാ ബാവായോ പ. എപ്പിസ്കോപ്പൽ സുന്നഹദോസോ നിയോഗിക്കാതെ പോകുന്നതു ശരിയല്ല" എന്നായിരുന്നു മറുപടി.

എൺപതു വയസ് പൂർത്തിയാകുമ്പോൾ റിട്ടയർ ചെയ്യാൻ തയ്യാറായിരുന്ന തിരുമേനി 2017ലെ സുപ്രീം കോടതിവിധിയെ തുടർന്നാണ് തീരുമാനം പ്രഖ്യാപിക്കാതിരുന്നത്. അതു യോജിച്ച സഭയിൽ ഒരു ദിവസമെങ്കിലും മെത്രാപ്പോലീത്താ ആയി ഇരിക്കണമെന്ന ആഗ്രഹം കൊണ്ടു മാത്രമായിരുന്നു. യോജിച്ച സഭയുടെ മലങ്കര അസോസിയേഷൻ 1958-ലേതു പോലെ പുത്തൻകാവിൽ നടത്തണമെന്ന് അദ്ദേഹം ആഗ്രഹിച്ചിരുന്നു.

ഇക്കാര്യത്തിൽ പ്രതീക്ഷിക്കുന്ന പുരോഗതി കാണാതെ വന്നപ്പോൾ 2017 നവംബർ രണ്ടു മുതൽ ജീവിതാവസാനം വരെ അദ്ദേഹം നോമ്പനുഷ്ഠിച്ചു. ഇതിനിടെ ഐക്യസഭയെ പറ്റിയുള്ള തന്റെ കാഴ്ചപ്പാടുകളും പ്രായോഗിക നിർദ്ദേശങ്ങളും പരിശുദ്ധ ബാവാ തിരുമേനിയ്ക്കും എപ്പിസ്കോപ്പൽ സുന്നഹദോസിനും രേഖാമൂലം സമർപ്പിച്ചു. ഈ നിർദ്ദേശങ്ങളെ പറ്റി ആവശ്യമായ പഠനം നടത്തുകയും പ്രയോഗത്തിൽ വരുത്തുകയും ചെയ്യേണ്ടതാണ്.

പുത്തൻകാവ് കൊച്ചുതിരുമേനിയെ പോലെ മറുകക്ഷിയിലെ മേൽപട്ടക്കാരുമായി മാർ അത്താനാസിയോസ് തിരുമേനി തികഞ്ഞ സൗഹൃദത്തിലായിരുന്നു. പ. പാത്രിയർക്കീസ് ബാവായുടെ അനുശോചന സന്ദേശവും അദ്ദേഹത്തിന് ആദരാഞ്ജലി അർപ്പിക്കാനെത്തിയ യാക്കോബായ-ക്നാനായ മെത്രാപ്പോലീത്താമാരുടെയും വൈദികരുടെയും മറ്റും സാന്നിദ്ധ്യവും ഇതു വെളിപ്പെടുത്തുന്നു. ജോസഫ് മാർ ഗ്രീഗോറിയോസ്, കുറിയാക്കോസ് മാർ സേവേറിയോസ്, ഡോ. ഗീവർഗീസ് മാർ കൂറിലോസ്, കുറിയാക്കോസ് മാർ ഗ്രീഗോറിയോസ്, കുറിയാക്കോസ് മാർ ഇവാനിയോസ്, ഐസക് മാർ ഒസ്താത്തിയോസ് തുടങ്ങിയ മെത്രാപ്പോലീത്താമാരാണ് ആദരാഞ്ജലി അർപ്പിക്കാനെത്തിയത്.

"സഭാഭരണഘടനയ്ക്കുള്ളിൽ നിന്നു കൊണ്ട് ഇടവകഭരണം എങ്ങനെ നിർവഹിക്കാം?" എന്ന ഒരു ലഘുലേഖ തിരുമേനി പ്രസിദ്ധീകരിച്ചിരുന്നു. ഇതിൽ പറയുന്ന കാര്യങ്ങൾ സഭയ്ക്ക് ആകമാനം പ്രയോജനപ്പെടുത്താവുന്നതാണ്. ഇതിനെ ഒരു അടിസ്ഥാന രേഖയായി കണക്കാക്കി നടപടിചട്ടങ്ങൾ രൂപീകരിച്ച് നടപ്പാക്കാവുന്നതാണ്. അതുപോലെ മെത്രാസന ഇടവകയോഗ നടത്തിപ്പിനും ഒരു ഏകീകൃത സംവിധാനം ആവശ്യമാണ്. ഇപ്രകാരമുള്ള നടപടിചട്ടങ്ങൾ നടപ്പാക്കി സഭയുടെ ഭരണസംവിധാനങ്ങൾ മെച്ചപ്പെടുത്തുമെന്ന് തിരുമേനി ആഗ്രഹിച്ചിരുന്നു. അദ്ദേഹം ആവശ്യപ്പെട്ടതനുസരിച്ച് ഇവ സംബന്ധിച്ച് ചില മുന്നൊരുക്കങ്ങൾ ഞാനും നടത്തിയിരുന്നു.

സഭാ സമാധാനം, കാര്യക്ഷമവും ഭരണഘടനാവിധേയവുമായ ഭരണനിർവഹണം - ഈ വിഷയങ്ങളെപ്പറ്റി അദ്ദേഹത്തിന്റെ നിർദ്ദേശങ്ങൾ ആവശ്യമായ പഠനം നടത്തുകയും പ്രയോഗത്തിൽ വരുത്തുകയുമാണ് തിരുമേനിയ്ക്കു നൽകാവുന്ന ഏറ്റവും വലിയ ആദരാഞ്ജലി. അദ്ദേഹം ആഗ്രഹിക്കുന്നത് വാക്കല്ല; മറിച്ച് പ്രവർത്തിയാണ്.



# എഫേഥാ ചോദ്യാവലി– 9

**ചോദ്യങ്ങൾ**

1. ഒരു നഗരത്തിന്റെ പ്രാചീന പേര് 'ബൈസന്റിയം'. ഇപ്പോഴത്തെ പേര് 'ഇസ്താൻബുൾ'. ഇടക്കാലത്തെ പേര് എന്ത്?
2. ഗ്രീസിലെ അലക്സാണ്ടർ ചക്രവർത്തിയെപ്പറ്റി പറയുന്ന അപ്പോക്രീഫാ പുസ്തകം?
3. ജറൂസലേമിനടുത്തുള്ള ബഥാന്യയിലും സൈപ്രസിലെ ലർണാക്കാ ഡിസ്ട്രിക്ടിലെ സിറ്റിം എന്ന സ്ഥലത്തും കല്ലറകൾ ഉള്ള പുതിയനിയമ കഥാപാത്രം?
4. യേശുക്രിസ്തുവിന്റെ കുരിശിലെ മേലെഴുത്ത് ഏതെല്ലാം ഭാഷകളിൽ എഴുതിയിരുന്നു?
5. യെഹൂദന്മാരുടെ പൂരീം പെരുനാൾ കൊണ്ടാടുന്നത് ഏതു മാസമാണ്?
6. കിദ്രോൻ താഴ്‌വരയ്ക്ക് പറയുന്ന മറ്റൊരു പേര്?
7. എങ്കിലും ഇന്നുവരെയും അവന്റെ ശവക്കുഴിയുടെ സ്ഥലം ആരും അറിയുന്നില്ല. ആരുടെ?
8. ഉദരത്തിൽ ദ്രാവകം കെട്ടിക്കിടക്കുന്ന രോഗാവസ്ഥയ്ക്ക് സുവിശേഷം പറയുന്ന പേര്?
9. കേരളത്തിലെ ആദ്യത്തെ പോസ്റ്റ് ഓഫീസ് എവിടെ സ്ഥാപിക്കപ്പെട്ടു?
10. ദേശീയ രക്തദാന ദിനം.
11. ഇൻഡ്യയിലെ ഏറ്റവും വിസ്തൃതിയേറിയ ലോക്സഭാ മണ്ഡലം ഏത്?
12. ഒഴുകുന്ന സ്വർണ്ണം എന്നറിയപ്പെടുന്നത് എന്ത്?
13. കേരളത്തിലെ ഏറ്റവും വലിയ ജലവൈദ്യുത പദ്ധതി?
14. ക്രിസ്തുഭാഗവതം രചിച്ച ആര്?
15. യൂറോപ്യൻ രേഖകളിൽ മാർത്ത എന്നറിയപ്പെട്ടിരുന്ന തെക്കൻ കേരളത്തിലെ സ്ഥലം?

**എഫേദാ 8 – ന്റെ ഉത്തരങ്ങൾ**

1. ഡോ. അബി അഹമ്മദ് അലി
2. പാവോ ക്രിസ്റ്റാസസ്
3. 1969 ജൂലൈ 21 - സങ്കീ. 8:4-8
4. എസ്ഥേർ 1:1
5. വി. മത്തായി 23:23
6. ആൽഫ, ഒമേഗ
7. ഉല്പത്തി 3:15
8. ആബൂന മത്ഥിയാസ്
9. വെളിപ്പാട്
10. മത്തായി 16:18
11. പത്രോസ്
12. അബ്രഹാം
13. ലാൽ ബഹദൂർശാസ്ത്രി
14. കൊല്ലം
15. നൗറു




## ശരിയുത്തരം അയച്ചുതന്നവർ

1. മറിയാമ്മ തങ്കച്ചൻ കുടശ്ശനാട് , 2. ഓമന വി. കോശി പുത്തൻകാവ്, 3. സുമാ കുര്യാക്കോസ് ഓതറ
4. സാലി തോമസ് കുടശ്ശനാട്, 5. ആനി ജോൺസൺ കൂർത്തമല, 6. ഷേർളി പ്രസാദ് ഇടവങ്കാട്,
7. സോഫിയ രാജൻ കുളനട, 8. അന്നമ്മ വറുഗീസ് മുളക്കുഴ, 9. സൂസമ്മ മാനു വള്ളംകുളം
10. ചിഞ്ചു മറിയം സണ്ണി കുരമ്പാല, 11. സൂസൻ സാം കുരമ്പാല, 12. മിനി ജോൺസൺ മെഴുവേലി, 13. സിസി ബേബി കുട്ടമ്പേരൂർ

**എഫേദാ 8 വിജയി– മറിയാമ്മ തങ്കച്ചൻ കുടശ്ശനാട്**

*ഈ ലക്കത്തിലെ ചോദ്യങ്ങളുടെ ഉത്തരം ഒക്ടോബർ- 7ന് മുമ്പായി ചീഫ് എഡിറ്റർ, ബഥേൽ പത്രിക, പി.ബി. നം. 38, ബഥേൽ അരമന, ചെങ്ങന്നൂർ എന്ന വിലാസത്തിൽ അയച്ചു തരിക.*

# ഭദ്രാസന **വാർത്തകൾ**



കർത്താവിൽ പ്രിയരെ,

കേരളം ഇതുവരെ കണ്ടിട്ടില്ലാത്ത തരത്തിലുള്ള പ്രളയ കെടുതികളാണല്ലോ കഴിഞ്ഞ കുറെ ദിവസങ്ങളിൽ അനുഭവിച്ചത്. പ്രത്യേകിച്ച് ചെങ്ങന്നൂരും പ്രാന്ത പ്രദേശങ്ങളും പ്രളയ കെടുതികളുടെ ശക്തമായ ദുരന്തങ്ങൾ ഏറ്റുവാങ്ങി. നമ്മുടെ ഭദ്രാസനത്തിലെ ഏകദേശം മുപ്പതിലധികം ദേവാലയങ്ങളും ഇടവക ജനങ്ങളും പ്രളയ ബാധിതരായി എന്നുള്ളത് നമ്മെയെല്ലാവരേയും ഏറെ ദുഃഖിതരാക്കി എന്നിരുന്നാലും ദൈവത്തിന്റെ മഹാകൃപ നമ്മുടെ ആയുസ്സിനെ ദീർഘമാക്കിയതോർത്ത് ദൈവത്തെ മഹത്വപ്പെടുത്താം. നേരിടേണ്ടി വന്ന നഷ്ടങ്ങൾ ഏറെയാണെങ്കിലും ലഭിച്ചതെല്ലാം ദൈവം നൽകിയതാണെന്നോർത്ത് വീണ്ടും നമ്മെ ശാക്തീകരിക്കുവാനും കൈപിടിച്ച് വഴി നടത്താനും ദൈവത്തിനാകും എന്നുള്ള പ്രത്യാശ നമ്മെ ഭരിക്കണം. ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ കൈയ്യും, മെയ്യും മറന്ന് നമ്മുടെ വൈദീകരും, ഇടവകജനങ്ങളും തങ്ങളാലാവുന്ന പ്രവർത്തനങ്ങൾ നടത്തിയത് പ്രത്യേകം അഭിനന്ദനം അർഹിക്കുന്നു. ഭദ്രാസനത്തിലെ വിവിധ ഇടവകകളിൽ ദുരിതാശ്വാസ ക്യാമ്പുകൾ ആരംഭിച്ചുവെന്നതും വിവിധ ഇടവകകൾ ഭക്ഷണം, വസ്ത്രം തുടങ്ങിയ ആവശ്യസാധനങ്ങൾ ക്രമീകരിച്ചു നൽകുന്നതിനും ശ്രദ്ധിച്ചു വെന്നതിൽ എല്ലാവരേയും അനുമോദിക്കുന്നു.ശുചീകരണപ്രവർത്തനങ്ങളിലും, വിവിധ ഇടവകകൾ നേതൃത്വം കൊടുത്തും ഭദ്രാസനതലത്തിലും വിവിധ ദുരിതാശ്വാസ പ്രവർത്തനങ്ങൾ നടത്തി. ബഥേൽ അരമനയും പരിസരവും പ്രളയ ബാധിതമായതിനാൽ മുളക്കുഴ എം. സി. റോഡ് സൈഡിൽ ദുരിതാശ്വാസകേന്ദ്രം ആരംഭിച്ച് പ്രവർത്തനങ്ങൾ പ്രാരംഭ ഘട്ടത്തിൽ ആരംഭിച്ചു. പ്രളയബാധിതമായ പ്രദേശങ്ങളിൽ നാല് ദിവസങ്ങളിലായി ടോറസ് വാഹനത്തിൽ ആവശ്യസാധനങ്ങൾ വിവിധ സ്ഥലങ്ങളിൽ വിതരണം നടത്തി. തുടർന്ന് ബഥേൽ അരമന കേന്ദ്രമാക്കി ആവശ്യസാധനങ്ങൾ ശേഖരിക്കുകയും പ്രളയബാധിതമായ നമ്മുടെ വിവിധ ഇടവകകളിലേക്ക് വിതരണം ചെയ്യുകയുമുണ്ടായി. വിവിധ സ്ഥലങ്ങളിൽ ശുചീകരണപ്രവർത്തനങ്ങളും ഭദ്രാസനതലത്തിൽ ഏകോപിപ്പിച്ചു നടപ്പാക്കി നേതൃത്വം നൽകിയ എല്ലാ വൈദീകരോടും വിവിധ സഹായങ്ങൾ എത്തിച്ചു നൽകിയ എല്ലാ പ്രിയപ്പെട്ടവരോടുമുള്ള ഭദ്രാസനത്തിന്റെ കൃതജ്ഞത അറിയിക്കുന്നു.

പ്രളയ ബാധിതരുടെ പുനരധിവാസം ഉൾപ്പെടെ സാമ്പത്തികവും അതോടൊപ്പം മാനസികവുമായ ശാക്തീകരണം തുടർന്നും നിർവ്വഹിക്കേണ്ടതായിട്ടുണ്ട്. സഭാ കേന്ദ്രത്തിൽ നിന്ന് ലഭിക്കുന്ന നിർദ്ദേശങ്ങൾ അനുസരിച്ച് തുടർപ്രവർത്തനങ്ങളിൽ ഏവരുടെയും സഹകരണം ഉണ്ടാകണമെന്നും പ്രത്യാശിക്കുന്നു.

പ്രളയദുരന്തങ്ങളുടെ വേദന അവസാനിക്കുന്നത് നമ്മുടെ പിതാവും കഴിഞ്ഞ 33 വർഷങ്ങളിലായി നമ്മെ അത്മീയമായി വഴി നടത്തിയ നമ്മുടെ അത്താനാസിയോസ് തിരുമേനിയുടെ ആകസ്മികമായ വേർപാട് താങ്ങാവുന്നതിലും അപ്പുറമായ വേദനയാണ് നമുക്ക് നൽകിയത്. അപ്രതീക്ഷിതമായ ഈ വേർപാട് സഭയ്ക്കാകമാനം പ്രത്യേകിച്ച് ചെങ്ങന്നൂർ ഭദ്രാസനത്തിനുണ്ടാക്കുന്ന നഷ്ടം ഏറെ വലുതാണ്. എൺപത്തി ഒന്നാം വയസ്സിലും മേൽപട്ടസ്ഥാനത്ത് 33 വർഷം പൂർത്തിയാക്കുമ്പോഴും അദ്ദേഹം ഊർജ്ജസ്വലനായ ഒരു പിതാവായിരുന്നു. ചിന്തയിലും, മനസ്സിലും, പ്രവർത്തിയിലും തലമുറയെ നേർവഴികാട്ടാനുള്ള തികഞ്ഞ വ്യഗ്രതയോടെയാണ് അദ്ദേഹം തന്റെ വാർദ്ധക്യത്തിലും ജീവിച്ചത്. പ്രളയബാധിതരായ തന്റെ പ്രിയപ്പെട്ടവരുടെ അടുക്കലേക്ക് ഓടി എത്തുവാനുള്ള അഭിവാഞ്ചയാണ് പ്രളയസമയത്ത് ബറോഡയിലായിരുന്നു എങ്കിലും അദ്ദേഹത്തിന്റെ മനസ്സുണ്ടായിരുന്നത് എന്നത് ഫോൺ സംഭാഷണങ്ങളിലൂടെ എനിക്ക് മനസ്സിലാക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ദൈവസന്നിധിയിലേക്ക് കടന്നുപോയ നമ്മുടെ പ്രിയപിതാവിന് ഭദ്രാസനത്തിന്റെ യാത്രാമംഗളങ്ങൾ നേരുന്നതോടൊപ്പം നിത്യശാന്തിയ്ക്കായി പ്രാർത്ഥിക്കാം.

ജനബാഹുല്യം കൊണ്ടും വിവിധ രാഷ്ട്രീയ സാമൂഹിക മതരംഗങ്ങളിലുള്ളവരുടെ മഹനീയ സാന്നിധ്യം കൊണ്ടും അഭിവന്ദ്യ പിതാവിന്റെ അന്ത്യയാത്ര ഏറെ ശ്രദ്ധേയമായി. അഭിവന്ദ്യ പിതാവിന് എല്ലാവരോടുമുള്ള ആത്മബന്ധമാണ് ഇത് വെളിപ്പെടുത്തുന്നത്. എന്റെ സഭ ലോകം മുഴുവനും അറിയപ്പെടണം എന്ന അതിയായ അഭിവാഞ്ചയായിരുന്നു പല ഉന്നത വ്യക്തിബന്ധങ്ങളും നിലനിർത്തുവാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചിരുന്നത് എന്നാണ് സംഭാഷണങ്ങളിൽ നിന്ന് മനസ്സിലാക്കുവാൻ കഴിഞ്ഞിട്ടുള്ളത് മരണാന്തര ശുശ്രൂഷകൾക്ക് മുഖ്യകാർമ്മികത്വം വഹിച്ച പരിശുദ്ധ കാതോലിക്കാ ബാവാ തിരുമേനി വിവിധ സഭാ മേലദ്ധ്യക്ഷന്മാർ, അഭിവന്ദ്യരായ തിരുമേനിമാർ, വന്ദ്യരായ

കോർ-എപ്പിസ്ക്കോപ്പാമാർ, റമ്പാൻമാർ, വൈദീകർ, അനുശോചനം അറിയിച്ച ബഹുമാന്യരായ ഇന്ത്യൻ പ്രധാനമന്ത്രി ശ്രീ. നരേന്ദ്രമോദി, സംസ്ഥാന മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ മീസോറാം ഗവർണർ കുമ്മനം രാജശേഖരൻ, കേന്ദ്ര-സംസ്ഥാന മന്ത്രിമാർ, സംസ്ഥാന പ്രതിപക്ഷ നേതാവ് ശ്രീ. രമേശ് ചെന്നിത്തല, മുൻമുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി, എം.പിമാർ, എം. എൽ. എ.മാർ, പ്രത്യേകിച്ച് ശ്രീ. സജി ചെറിയാൻ, ശ്രീമതി വീണാ ജോർജ്ജ്, ബന്ധുക്കൾ, സുഹൃത്തുകൾ, വിവിധ ഇടവകാംഗങ്ങൾ, വിവിധ രാഷ്ട്രീയ-സാമൂഹിക സാംസ്കാരിക നേതാക്കന്മാർ എല്ലാവരോടുമുള്ള കൃതജ്ഞത അറിയിക്കുന്നു. അഭിവന്ദ്യ തിരുമേനിയുടെ 16-ാം ഓർമ്മദിനം (08/09/18) ബഥേൽ മാർ ഗ്രിഗോറിയോസ് അരമനപള്ളിയിൽ അഭി. ഡോ. മാത്യൂസ് മാർ തീമോത്തിയോസ് തിരുമേനിയുടെ മുഖ്യകാർമ്മികത്വത്തിൽ വി. മുന്നിന്മേൽ കുർബ്ബാനയോടു കൂടി നടത്തപ്പെട്ടു. **30-ാം ഓർമ്മദിനം (22/09/18) പുത്തൻകാവ് സെന്റ് മേരീസ് കത്തീഡ്രലിൽ വെച്ച് നടത്തപ്പെടും. 40-ാം ഓർമ്മദിനം (02/10/18) തിരുമേനി അന്ത്യവിശ്രമം കൊള്ളുന്ന ഓതറ സെന്റ് ജോർജ്ജ് ചാപ്പലിൽ വച്ച്** പരിശുദ്ധ കാതോലിക്കാ ബാവാ തിരുമേനിയുടെ മുഖ്യകാമ്മികത്വത്തിൽ നടത്തപ്പെടും. ഭദ്രാസനത്തിലെ എല്ലാ ആത്മീയ മക്കളും സംബന്ധിക്കണമെന്ന് സ്നേഹപൂർവ്വം അറിയിക്കുന്നു.

മരണാന്തര ശുശ്രൂഷകൾ ഭംഗിയായി ക്രമീകരിക്കുവാൻ നേതൃത്വം നൽകിയ വന്ദ്യ വൈദീകർ, കൗൺസിൽ അംഗങ്ങൾ, സഭാ മാനേജിംഗ് കമ്മറ്റിയംഗങ്ങൾ അദ്ധ്യാത്മീക സംഘടനാ പ്രവർത്തകർ, വിവിധ ഇടവകകൾ, ഇടവകാംഗങ്ങൾ എന്നിവരോടുള്ള കൃതജ്ഞത അറിയിക്കുന്നു.

പരിശുദ്ധ ദൈവമാതാവിന്റെ മദ്ധ്യസ്ഥതയിൽ അഭയപ്പെട്ടുകൊണ്ടുള്ള ജനനപെരുന്നാൾ വിവിധ ഇടവകകളിൽ ഭക്തിപുരസ്സരം നടത്തപ്പെട്ടു വി. മാതാവിന്റെ മദ്ധ്യസ്ഥത കോട്ടയായിരിക്കട്ടെ എന്നാശംസിക്കുന്നു.

പ്രാർത്ഥനയോടെ

**ഫാ. മാത്യു എബ്രഹാം കാരയ്ക്കൽ**
(ഭദ്രാസന സെക്രട്ടറി)



## A TRIBUTE FROM
# DIOCESE KIDS

Annie Jacob Charunilkunnathil

You have always been there for us
And we know you always will be
You're the one who taught us every thing
And you have helped us to grow.

That you are the one who made the Diocese
What it is today
By being that special father
You know no other way.

You taught us life's lesson
About how to be a good child
About being honest
And praying till the end.


When ever we had problem
You were always there
To walk us through it
Or to just tell us that you care

You were always our father
Around you we felt so safe
No one could harm us
While we could see your face.

We have always trusted you
You 're the first one to lead the diocese
Cause you are our father
And we will never part

We kids are writing this to say
Thank you for being you
For always being with us
For always praying for us.

"എവിടെയാണ്? ഉടനെവന്ന് കാണണം, ഓതറ ദയറായിൽ വന്നാൽ മതി". ചെന്നപ്പോൾ നൽകിയ ഉപദേശം. കുപ്പായത്തിന്റെ buttons ശരിക്കു വെയ്ക്കാൻ അവനോടു പറയണം. ഇടകെട്ടിന് (Belt) ഇത്രയും വീതി വേണ്ട. പറഞ്ഞ് കൊടുത്തു തയിപ്പിക്കണം. പെട്ടെന്ന് ശരിയാക്കി മേടിച്ചുകൊണ്ടുവരണം. ഒരാഴ്ച കഴിഞ്ഞ് ജൂലൈ 30 ന് രാവിലെ ഒരു phone call, എനിക്ക് ബറോഡക്ക് പോകണം. നാളെ കുപ്പായം കിട്ടുമോ? അച്ചൻ എപ്പോൾ വരും. എനിക്ക് അത് ഇട്ടോണ്ട് വേണം പോകാൻ. ആ കുപ്പായം തന്റെ അന്ത്യയാത്രക്ക് വേണ്ടി ക്രമീകരിച്ചത് എന്നത് ഇപ്പോൾ മനസ്സിലായി. അന്ത്യയാത്രക്ക് ഉപയോഗിച്ച കാവിക്കുപ്പായത്തോട് ഒരു പ്രത്യേക താൽപര്യം ഉണ്ടായിരുന്നു. അടുത്ത കാലത്തു



# എന്റെ കുപ്പായം കിട്ടുമോ?

**ഫാ. ജോസഫ് കുര്യാക്കോസ്**
പാമ്പാടികണ്ടത്തിൽ

കൂടുതൽ ദിവസവും അതായിരുന്നു ഉപയോഗിച്ചത്. കുപ്പായം ശരിയാക്കി തിരികെ നൽകിയപ്പോൾ ഒരു അഭിനന്ദനം. "ഇത് ശരിയായി" - രണ്ടെണ്ണം കൂടി ഉണ്ട്. പോയിട്ടു വരുമ്പോഴത്തേക്ക് തയ്പിച്ച് വെച്ചേക്കണം. സ്വീകരിക്കാൻ ആളില്ലാതെ പോയി.

അവസാന ആഗ്രഹവും പൂർത്തീകരിച്ച് യാത്രയായി അഭിവന്ദ്യ തിരുമേനി. ഈ അടുത്തകാലത്തു സംസാരത്തിൽ നിഴലിച്ചിരുന്ന വിഷയം മരണമാണ്. "എല്ലാത്തിൽ നിന്നും മാറി നിൽക്കണം, ഓതറ ദയറായെ കബറിടവുമാക്കി പലപ്രാവശ്യം അഭിപ്രായവ്യത്യാസങ്ങൾ പറഞ്ഞിട്ടുണ്ട്. എന്നാൽ താൻ ഉദ്ദേശിച്ചത് നടത്തി എന്ന ഭാവത്തോടെയാണ് മെത്രാച്ചൻ. "ഒരു ദിവസം കബറടക്കം സംബന്ധിച്ച് സംസാരിക്കുമ്പോൾ എന്നെ ഇറക്കി വയ്ക്കുന്നത് ഇതുപോലെയാരിക്കണമെന്ന് പറഞ്ഞു." ഞാൻ പറഞ്ഞു ഞങ്ങൾ അന്നേരം തീരുമാനിച്ചു കൊള്ളാം. എന്നിട്ട് പറഞ്ഞു അമേരിക്കയിലൊക്കെ ഒരു പ്രത്യേകം മെഷ്യൻ വച്ച് കല്ലറയിലേക്ക് ഇറക്കാം" അത് കാണാൻ തന്നെ ഒരു മനോഹരമാണ്". ഇവിടെയാണെങ്കിൽ എന്തൊരു ബഹളമാണ്. എന്നെയും അതുപോലെ (മെഷിൻ വെച്ച്) ഇറക്കിയാൽ നല്ലതായിരിക്കും. ആഗ്രഹം പോലെ അതു തിരുമേനി സാധിച്ച് കടന്നു പോയി.

# പ്രോത്സാഹനങ്ങളുടെ ഉറവിടം

**ഫാ. സ്റ്റീഫൻ വർഗ്ഗീസ്, കുടശ്ശനാട്**

പ്രസിദ്ധമായ ഒരു ചിന്താശകലം ഇങ്ങനെയാണ്. "എപ്പോഴും ഉപ്പിനെപ്പോലെ അതുല്യസ്വഭാവ സവിശേഷതയുള്ളവരായി മാറുക. ഉപ്പിന്റെ സാന്നിദ്ധ്യം നമുക്ക് അനുഭവപ്പെടുകയില്ല. പക്ഷെ, ഉപ്പില്ലാതെ വന്നാൽ അതിന്റെ അസാന്നിദ്ധ്യം ശ്രദ്ധിക്കപ്പെടും." ഈ വരികളുടെ അർത്ഥം അഭി. അത്താനാസിയോസ് പിതാവിന്റെ കാര്യത്തിൽ വളരെ അന്വർത്ഥമാവുകയാണ്. വന്ദ്യപിതാവ് നലകിയ ഉത്തേജനം ചെറുതൊന്നുമല്ല. ഏതൊരു കാര്യത്തിനും തിരുമേനിയുടെ അടുത്ത് ചെന്ന് അവതരിപ്പിക്കുമ്പോൾ, അതു ചെയ്യുന്നതിനും നേതൃത്വം കൊടുക്കുന്നതിനും വന്ദ്യ പിതാവ് നല്കിയ സമ്മതം വളരെ എടുത്തുപറയേണ്ടതാണ്. ബലഹീനനായ ഞാൻ യുവജനപ്രസ്ഥാനത്തിന്റെ കേന്ദ്ര ജനറൽ സെക്രട്ടറിയായി പ്രവർത്തിക്കുമ്പോൾ തിരുമേനി നല്കിയ പ്രോത്സാഹനം ആദ്യ കാലങ്ങളിൽ വളരെ അവിസ്മരണീയമായ അനുഭവമായിരുന്നു. ബാലസമാജം ഭദ്രാസനത്തിന്റെ വൈസ് പ്രസിഡന്റായി പ്രവർത്തിക്കുമ്പോൾ നല്കിയ ഉത്തേജനം ഇന്നും കരുത്തു നല്കുന്നുണ്ട്. വിവിധ കർമ്മപരിപാടികൾ ആസൂത്രണം ചെയ്യുമ്പോൾ നാളത്തെ തലമുറയ്ക്ക് അത് പ്രയോജകീഭവിക്കണമെന്ന് തിരുമേനി നിർദ്ദേശിക്കുമായിരുന്നു.

ഇടവക ശുശ്രൂഷയിൽ ലഭിച്ച, തിരുമേനിയുടെ പിന്തുണകൾ എടുത്തുപറയേണ്ടതാണ്. ആരുടെയും മുമ്പിലും എന്റെ ഭദ്രാസനം എന്റെ പള്ളി എന്റെ അച്ചൻ - എന്റെ ജനം' എന്ന് ഉച്ചത്തിൽ സാക്ഷിക്കുവാൻ മടികാണിച്ചിരുന്നില്ല. വന്ദ്യ പിതാവിന്റെ മദ്ധ്യസ്ഥതയിൽ അഭയം പ്രാപിച്ചിട്ടുണ്ട്. തിരുമേനി നല്കിയ സ്മരണകൾ പ്രകാശം പരത്തുന്ന ചെറിയ ചെറിയ മിന്നാമിനുങ്ങിന്റെ നുറുങ്ങുവെട്ടമായി ഹൃദയത്തിൽ പ്രകാശിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു.

# വിദ്യാഭ്യാസ വിചക്ഷണൻ

ഫാ. ഡോ. എം.എസ്. യൂഹാനോൻ റമ്പാൻ

അഭി. അത്തനാസിയോസ് തിരുമേനി കർമ്മയോഗവും ഭക്തിയോഗവും സമന്വയിപ്പിച്ച് പ്രവർത്തിച്ച ഒരു ആദ്ധ്യാത്മിക പിതാവായിരുന്നു. അഭി. തിരുമേനി കൂടെ കൂടെ പിതൃസഹോദരനായിരുന്ന അഭി. പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെ ഒരു വാചകം ഉരുവിടാറുണ്ടായിരുന്നു. "ഇരുന്നു തുരുമ്പിക്കുന്നതിനേക്കാൾ വെട്ടിക്കളയുന്നതാണ് നല്ലത്." Work is worship ഒരു പ്രമാണമായി തിരുമേനി സ്വീകരിച്ചിരുന്നു.

അഭി. തിരുമേനി എം.എഡിന് യു.ജി.സി. സ്കോളർഷിപ്പ് നേടി ബോംബെയിൽ നിന്ന് ബറോഡയിൽ എം.എസ്. യൂണിവേഴ്സിറ്റിയിൽ എത്തിയ കാലം മുതൽ Baroda Orthodox Congregation-മായി യോജിച്ചു പ്രവർത്തിച്ചു. മാസത്തിൽ ഒരിക്കൽ മാത്രം വി. കുർബ്ബാന ഉണ്ടായിരുന്ന അവിടെ സഭയ്ക്ക് ഇത്രയും വലിയ സ്ഥാപനങ്ങളും ആരാധനാലയങ്ങളും ഉണ്ടായത് അദ്ദേഹത്തിന്റെ സമർപ്പണവും സഭയോടുള്ള പ്രതിബദ്ധതയും ആണ്. അത് ദൈവത്തിന്റെ ഒരു നിയോഗം കൂടിയായിട്ടാണ് ഞാൻ കാണുന്നത്. എം.എഡ് പഠനം കഴിഞ്ഞ് നമ്മുടെ സഭയുടെ വളർച്ചയ്ക്ക് ഞായറാഴ്ച ആരാധനയോടൊപ്പം ഒരു സ്കൂൾ തുടങ്ങുന്നതാണ് അഭികാമ്യം എന്ന് മനസ്സിലാക്കി ബേസിൽ സ്കൂൾ എന്നു പേരിട്ട് ഒരു സ്കൂൾ ആരംഭിച്ചു. അന്ന് ബറോഡയിൽ Jesuit അച്ചന്മാർ നടത്തുന്ന ഒരു ഇംഗ്ലീഷ് മീഡിയം സ്കൂൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ. Jesuit order ലുള്ള അച്ചന്മാരുടെ പ്രവർത്തനങ്ങളും അഭി. തിരുമേനിയെ നല്ലതുപോലെ സ്വാധീനിച്ചിരുന്നു. അതുപോലെ നമ്മുടെ സഭയും പ്രവർത്തിക്കണമെന്നു അദ്ദേഹം ആഗ്രഹിച്ചു. വളരെയേറെ കഷ്ടപ്പാടുകളും പ്രതിസന്ധികളും തരണം ചെയ്താണ് ഒരു വാടക കെട്ടിടത്തിൽ ആ സ്കൂൾ ആരംഭിക്കുന്നത്. സ്കൂളിലെ ആയയുടെ ജോലി മുതൽ പ്രിൻസിപ്പാളിന്റെ ജോലികൾ വരെ ചെയ്തും, കുട്ടികളെ തന്റെ സൈക്കിളിന്റെ പുറകിലിരുത്തി സ്കൂളിൽ എത്തിച്ചും ഒക്കെയാണ് ആ സ്കൂളിനെ വളർത്തിയെടുക്കുന്നത്. അതുകൊണ്ട് ആ അനുഭവത്തിൽ നിന്നാണ് അഭി. തിരുമേനി പറയുന്നത് "ഒരു സ്കൂൾ വളർത്തിയെടുക്കുന്നത് ഒരു അമ്മ തന്റെ കുഞ്ഞിനെ പരിപാലിച്ച് വളർത്തുന്നതുപോലെയാണ് എന്ന്." അതുപോലെ സ്നേഹവും, കരുതലും, സമർപ്പണവും സ്കൂളിന്റെ ഓരോ ഘട്ടങ്ങളിലും നല്കി വളർത്തി.

അഭി. തിരുമേനി അവലംബിച്ച ഈ പ്രസ്ഥാനം സഭയുടെ വളർച്ചയ്ക്കു ഇടയാക്കി. സ്കൂളിൽ പ്രവർത്തിക്കുമ്പോൾ തന്നെ ബഹു. അച്ചൻ ഗുജറാത്തിലെ വിവിധ സ്ഥലങ്ങളിൽ വിശുദ്ധ കുർബ്ബാന ആരംഭിച്ചു സഭയിൽ ഉറപ്പിച്ചു നിർത്തി. അവിടെനിന്നൊന്നും ശമ്പളം പറ്റാതെ സ്വന്തം കയ്യിൽ നിന്നും പണം ചിലവാക്കിയാണ് ഈ ഇടവകകൾ പടുത്തുയർത്തിയത്. ചില അവസരങ്ങളിൽ വാഹനസൗകര്യം കിട്ടാതെ വരുമ്പോൾ ട്രക്കിലും മറ്റും യാത്ര ചെയ്താണ് വി. കുർബ്ബാനയ്ക്ക് എത്തിയിരുന്നത്. ഇന്ന് ഈ ഇടവകകൾ എല്ലാം അഹമ്മദാബാദ് ഭദ്രാസനത്തിന്റെ പ്രധാനപള്ളികളാണ്. മിക്കവാറും ഭക്ഷണം അച്ചൻ സ്വയം പാകം ചെയ്തിരുന്നു. വളരെ ലളിതമായ ഒരു ജീവിതശൈലിയായിരുന്നു. എല്ലാറ്റിനും കൃത്യമായി കണക്കു സൂക്ഷിച്ചിരുന്നു. ഇന്നും ദൂരസ്ഥലങ്ങളിൽ പോകുമ്പോൾ, വലിയ ഹോട്ടലിലൊന്നും കയറാതെ വഴിയോരത്തു നിന്ന് ചപ്പാത്തിയും പരിപ്പുകറിയും വാങ്ങി കഴിക്കും. അച്ചൻ വിഭാവന ചെയ്ത ബേസിൽ സമൂഹം ഉണ്ടാകുമ്പോൾ ഇങ്ങനെ സ്ഥാപനങ്ങളിൽ പ്രവർത്തിക്കുകയും സഭയെ വളർത്തുകയും ചെയ്യണമെന്നുള്ളതാണ് അദ്ദേഹത്തിന്റെ താല്പര്യം.

ബഹു. അച്ചന്റെ സ്കൂളുകളിൽ അച്ചനു സ്വതന്ത്രമായി പ്രവർത്തിക്കുവാനുള്ള സൗകര്യം വേണമെന്ന് ആഗ്രഹിക്കുന്നു. വിദ്യാഭ്യാസത്തെക്കുറിച്ച് വേണ്ടത്ര വിവരമില്ലാത്തവർ തലപ്പത്തിരുന്ന് അഭിപ്രായം പറയുകയും അത് നടപ്പിലാക്കുവാൻ കരുക്കൾ നീക്കുകയും ചെയ്യുന്നത് ഇഷ്ടമല്ലാത്തതിനാൽ സ്വന്തമായി ഒരു ട്രസ്റ്റ് രൂപീകരിച്ച് സ്കൂളുകൾ നടത്തുന്നു. എന്നാൽ അത് സഭയ്ക്ക് പ്രയോജനകരമാകണമെന്നാണ് അഭി. തിരുമേനിയുടെ ആഗ്രഹം ഇതിനെ പലരും തെറ്റിദ്ധരിച്ചിട്ടുണ്ട്. സ്വന്തമായിട്ടോ കുടുംബത്തിനോ നേട്ടങ്ങളൊന്നും ഉണ്ടാകുവാൻ അഭി. തിരുമേനി ശ്രമിച്ചിട്ടില്ല. ഈ ട്രസ്റ്റിൽ അഭി. തിരുമേനിയുടെ കുടുംബത്തിലെ ആരുംതന്നെ പ്രവർത്തിക്കുന്നില്ല. തിരുമേനിക്ക് കോൺഫിഡൻസ് ഉള്ള ബറോഡിലെ നമ്മുടെ ഇടവകയിലെ ചില അത്മായരും ഞാനുമാണ് ആ ട്രസ്റ്റിൽ പ്രവർത്തിക്കുന്നത്. മിക്കവാറും എല്ലാ കാര്യങ്ങളും അഭി. തിരുമേനി തന്നെ മേൽനോട്ടം വഹിക്കുന്നു. പ. സഭയെ സ്നേഹിക്കുകയും അതിന്റെ വളർച്ചയ്ക്കുവേണ്ടി ജീവിതം സമർപ്പിക്കുകയും ചെയ്ത അഭി. പിതാവിന്റെ വിയോഗം ഒരു ശൂന്യത സൃഷ്ടിക്കുന്നു.